# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടോട്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ എം പി എം25/1797/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 12/01/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൊണ്ടോട്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം25/1797/21 തീയ്യതി: 12/01/2022

## മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2020 മുതൽ 13-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സൈമൺ കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 01-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2021 | 01-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി., ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അബ്ദുൾസലാം.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന.വി.സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കെ.സി ഷീബ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഫിറോസ് ഖാൻ. എ | സെക്രട്ടറി | 01-04-2019 | 05-12-2019 |
| ശ്രീ. പി.ടി ബാബു | സെക്രട്ടറി ഇൻ ചാർജ് | 06-12-2019 | 31-03-2020 |
| പി ടി ബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ. ബാബു ഷക്കീർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ലേഖ ചാക്കോ കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. രമണി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജൂഡ് ലൂയിസ്. എസ് | പ്രിൻസിപ്പാൾ | 01-04-2019 | 31-05-2019 |
| ശ്രീ.ഗിരീഷ് കുമാർ പി | പ്രിൻസിപ്പാൾ | 01-06-2019 | 27-06-2019 |
| ശ്രീമതി ദീപ | പ്രിൻസിപ്പാൾ | 28-06-2019 | 31-03-2020 |
| ഡോ. പ്രദീപ് കുമാർ. കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ഷെബിൻ. പി. എ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സവിത പിടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| മുഹമ്മദ് അഷ്റഫ് | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ -അപാകതകൾ<br>Written By: Husna (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് (AUEGS)<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-11 |
| 13 | തൊഴിൽ നികുതി - അപാകതകൾ.<br>Written By: Husna (Auditor, On 28-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-12 |
| 14 | വസ്തു നികുതി നിശ്ചയിച്ചതിൽ അപാകത- 705006/-രൂപ നഷ്ടം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-13 |
| 15 | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ വ്യത്യാസം.18993 രൂപ നഷ്ടം.<br>Written By: Husna (Auditor, On 25-11-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Simon K (Senior Deputy Director, On 05-01-2022) | |
| 16 | കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-15 |
| 17 | വസ്തുനികുതി നിർണ്ണയം/നമ്പറിംഗ്-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.<br>Written By: Husna (Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-16 |
| 18 | കെട്ടിട നിർമ്മാണാനുമതി - അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഗൗരവതരമായ അപാകതകൾ.<br>Written By: A.C.Abdulla (Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 01-12-2021) | 1-17 |
| 19 | ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന അപേക്ഷകൾ സെക്ഷൻ പൂർണ്ണമായി കൈപ്പറ്റുന്നില്ല.<br>Written By: A.C.Abdulla (Audit Officer, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-17-1 |
| 20 | സെക്ഷൻ കൈപ്പറ്റുന്ന തപാലുകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: A.C.Abdulla (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-17-2 |
| 21 | കെട്ടിട നിർമ്മാണാനുമതി അപേക്ഷ – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.<br>Written By: A.C.Abdulla (Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-17-3 |
| 22 | കെട്ടിട നിർമ്മാണ അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-18 |
| 23 | കെട്ടിട നിർമ്മാണ അപേക്ഷകൾ -ഫയൽ ശരിയായി സൂക്ഷിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-19 |
| 24 | കെട്ടിട നിർമ്മാണാനുമതി -അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-20 |
| 25 | കെട്ടിട നിർമ്മാണാനുമതി -മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ തുടർനടപടി സ്വീകരിക്കുന്നു<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-21 |
| 26 | കെട്ടിട നിർമ്മാണാനുമതി / നമ്പറിംഗ് പരാതികൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-22 |
| 27 | കെട്ടിട നിർമ്മാണചട്ടം പാലിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-23 |
| 28 | വിനോദ നികുതി പൂർണ്ണമായും ഈടാക്കിയില്ല.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-24 |

| | | |
|---|---|---|
| 29 | വാടകക്കനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പുനർ നിർണ്ണയിച്ചില്ല.<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-25 |
| 30 | ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭയിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-26 |
| 31 | സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകൽ -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-27 |
| 32 | അനധികൃത കെട്ടിടങ്ങളിലെ സ്കൂളുകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-28 |
| 33 | അധികം നൽകിയ ₹ 33874 തിരിച്ചടച്ചു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-29 |
| 34 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-30 |
| 35 | പിഴ ഈടാക്കിയില്ല - ₹ 26205 നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-31 |
| 36 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-32 |
| 37 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-33 |
| 38 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-34 |
| 39 | പ്രിൻസിപ്പൽ നടപ്പാക്കിയ പ്രൊജക്റ്റ് - അപാകതകൾ<br>Written By: Abdul Salam.P (Senior Grade Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-35 |
| 40 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-36 |
| 41 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Abdul Salam.P (Senior Grade Auditor, On 25-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-37 |
| 42 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-38 |
| 43 | ഉപകരണങ്ങൾ വാങ്ങി - സ്റ്റോക്ക് രേഖപ്പെടുത്തിയില്ല<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: Simon K (Senior Deputy Director, On 05-01-2022) | 1-39 |
| 44 | KSEB ഡെപ്പോസിറ്റ് - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-40 |

| | | |
|---|---|---|
| 45 | ദിവസ വേതനം - അധിക തുക നൽകി<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-41 |
| 46 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-42 |
| 47 | PMAY- പദ്ധതി അവലോകനം<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-43 |
| 48 | വെള്ളക്കരം - അടവാക്കുന്നതിന് പിൻവലിച്ച തുക അടവാക്കിയില്ല.<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-44 |
| 49 | ആയിരം വീട് ഭവനപദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ<br>Written By: Jisha.K (Senior Grade Auditor, On 26-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-45 |
| 50 | കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - ഡെസ്ക്ടോപ്പിന് അധിക തുക ഈടാക്കി- പ്രിന്ററുകൾ ലഭ്യമായില്ല.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-46 |
| 51 | കുടിവെള്ള വിതരണം- ചെലവ് 16 ലക്ഷം- വിതരണ രേഖകൾ ലഭ്യമല്ല<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 1-47 |
| 52 | ഗ്രൗണ്ട് വാട്ടർ ഡെപ്പോസിറ്റ് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-48 |
| 53 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-49 |
| 54 | പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-50 |
| 55 | മാലിന്യ നിർമ്മാർജ്ജനം -മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-51 |
| 56 | മിനി മാസ്റ്റ് ലൈറ്റ്സ്ഥാപിക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-52 |
| 57 | സെക്രട്ടറിയുടെ ശമ്പളം -മുനിസിപ്പാലിറ്റി ആക്ടിലെ നിർദ്ദേശം പാലിച്ചില്ല.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-53 |
| 58 | ശുചിത്വമിഷൻ ഫണ്ട്- വിനിയോഗം ഉറപ്പ വരുത്തുന്നില്ല<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-54 |
| 59 | വീട് റിപ്പയറിംഗ് - വിവിധ പ്രൊജക്ടുകൾ -പൊതു അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-55 |
| 60 | വിനിയോഗ വിവരം ലഭ്യമായില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-56 |

| | | |
|---|---|---|
| 61 | എസ് എസ് എ വിഹിതം നൽകൽ(ജനറൽ)<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-56-1 |
| 62 | ഐ കെ എം വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-56-2 |
| 63 | വയോമിത്രം<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-56-3 |
| 64 | എസ് എസ് എ വിഹിതം (എസ് സി പി)<br>Written By: Jisha.K (Senior Grade Auditor, On 27-11-2021)<br>Last Updated By: A.C.Abdulla (Audit Officer, On 28-11-2021) | 1-56-4 |
| | ഭാഗം **2** | |
| 1 | വസ്തു നികുതി നിശ്ചയിച്ചതിൽ അപാകത- 705006/- രൂപ നഷ്ടം.<br>Written By: Husna (Auditor, On 03-01-2022)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 2-1 |
| 2 | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ വ്യത്യാസം-18993 രൂപ നഷ്ടം.<br>Written By: Husna (Auditor, On 04-01-2022)<br>Last Updated By: Husna (Auditor, On 04-01-2022) | 2-2 |
| 3 | കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.<br>Written By: Husna (Auditor, On 04-01-2022)<br>Last Updated By: Husna (Auditor, On 04-01-2022) | 2-3 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 25-11-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Husna (Auditor, On 27-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 07-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Husna (Auditor, On 25-11-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 01/ 25-02-2019 | 01/26-03-2020 |

### 1-1-1 ബജറ്റ് തയ്യാറാക്കൽ -അപാകതകൾ

കോണ്ടോട്ടി നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് 25.02.2019 ന് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 285- 293 പ്രകാരം നഗരഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി.

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരം സെക്രട്ടറി ജനവരി 15 നുമ്പായി അടുത്ത വർഷത്തെ വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് ആവശ്യമെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ് എന്നും 286 (1) പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇത്തരത്തിൽ ഒരു നിർദേശവും സമർപ്പിച്ചതായി കാണുന്നില്ല.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും നഗരസഭ ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

സെക്ഷൻ 293 (3) പ്രകാരം -ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് . എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്തിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 29-07-2020 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 6,52,27,506.82 |
| വരവ് | 237084725 |
| ആകെ | 302312231.82 |
| ചെലവ് | 251688784 |
| നീക്കിയിരിപ്പ് | 50623447.82 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 14955875 | 14955875 | 14215148 | 740727 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 29670334 | 29670334 | 14039079 | 15631255 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16527000 | 16527000 | 6073681 | 10453319 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6735000 | 6735000 | 3952928 | 2782072 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 14191000 | 14191000 | 1269000 | 12922000 |
| ബി ഫണ്ട് | 0 | 33962040 | 33962040 | 33962040 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 442 | 199015240 | 172 | 78776263 | 243 | 27 | 38.91 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| AUEGS | 1185106 | 5000000 | 82081 | 6267187 | 6178496 | 88691 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 228240 | 274 |
| കർഷകതൊഴിലാളി വേതനം | 2410800 | 843 |
| വിധവാ പെൻഷൻ | 10529400 | 3544 |
| വാർദ്ധക്യകാല പെൻഷൻ | 16203600 | 5323 |
| വികലാംഗ പെൻഷൻ | 4076400 | 1354 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 273600 | 91 |
| ആകെ | 33962040 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-10-2021 ന് 12 .00-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 34233/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ നഗരസഭയുടെ ആഭ്യന്ത നിയന്ത്രണത്തിൽ ഗൗരവതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന അപേക്ഷകൾ സെക്ഷൻ പൂർണ്ണമായി കൈപ്പറ്റുന്നില്ല .

ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ പൂർണ്ണമായി വിതണം ചെയ്യിട്ടില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ കൈപ്പറ്റാത്ത തപാലുകൾ ഉള്ളതായി വ്യക്തമായി. കൂടാതെ പല തപാലുകളും തിയ്യതി രേഖപ്പെടുത്താതെ കൈപ്പറ്റിയതായും കാണുന്നു.

2) സെക്ഷൻ കൈപ്പറ്റുന്ന തപാലുകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

സർക്കാർ ജീവനക്കാർക്ക് ബാധകമായ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ ( MOP ) പ്രകാരം എല്ലാ ജീവനക്കാരും തങ്ങൾ കൈപ്പറ്റുന്ന തപാലുകളുടെ വിവരം നിശ്ചിത രജിസ്റ്ററിൽ (പേർസണൽ രജിസ്റ്റർ) ചേർക്കേണ്ടതും തുടർ നടപടി വിവരം ഉൾപ്പെടെ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ 2019-20 വർഷത്തിൽ വിവിധ സെക്ഷനുകൾ മേൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ സെക്ഷൻ കൈപ്പറ്റിയ എല്ലാ തപാലുകളിലും നടപടിസ്വീകരിച്ചോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

3) ഡിമാന്റ് രജിസ്റ്ററുകൾ ശരിയായി എഴുതിയിട്ടില്ല .

നഗരസഭയുടെ വിവിധ വരവുകളുടെ വിവരം രേപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്ററുകൾ-വിനോദ നികുതി രജിസ്റ്റർ, തൊഴിൽ നികുതിഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, തുടങ്ങിയവ എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കെട്ടിട നിർമ്മാണാനുമതി - അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച .

കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ പൂർണ്ണമായി നടപടി സ്വികരിക്കാത്തതായും, നടപടി സ്വീകരിക്കുന്നവയിൽത്തന്നെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

5) കെട്ടിട നമ്പറിംഗ് - അപേക്ഷകൾ ശരിയായി സൂക്ഷിക്കുന്നില്ല.

നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പറിംഗിനും നികുതി ചുമത്തുന്നതിനുമായി ലഭിക്കുന്ന അപേക്ഷകൾ ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ തൻവർഷം ലഭിച്ച എല്ലാ അപേക്ഷകളിലും തുടർ നടപടി സ്വീകരിച്ചോ എന്നത് ഉറപ്പുവരുത്താനായിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യിട്ടില്ല.

6) തെരുവ് വിളക്ക് , വാട്ടർ ടാപ്പ് എന്നിവയുടെ വ്യക്തമായ വിവരം സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ നഗരസഭ പ്രതിമാസം വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇവയുടെ എണ്ണം, തരം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് നഗരസഭയിൽ യാതൊരു രേഖകളും ലഭ്യമല്ല. സ്ട്രീറ്റ്ലൈറ്റ്, പൊതു വാട്ടർ ടാപ്പ് എന്നിവയുടെ വിവരം രേഖപ്പെടുത്തി രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

7) സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

നഗരസഭയുടെയും വിവിധ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |
| എ ജി ഓഡിറ്റ് | 04-02-2019 | 2014-15 മുതൽ 2017-18 വരെ | ലഭിച്ചിട്ടില്ല. |

## 1-11 വാർഷിക കണക്ക് പരിശോധന അപാകതകൾ

1. Post Office Savings Bank അക്കൗണ്ടിൽ 31.03.2020 ന് 637 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിലും പാസ്സ് ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, റികൺസിലിയേഷൻ പത്രിക എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ പാസ്സ് ബുക്ക്/ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള 31.03.2020 ലെ നീക്കിയിരുപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം റികൺസിലിയേഷൻ പത്രികയിൽ വിശദീകരിച്ചിട്ടില്ല.

| ബാങ്ക് അക്കൗണ്ട് | 31.03.2020 ലെ നീക്കിയിരുപ്പ് തുക ( പാസ്സ് ബുക്ക്/ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരാരം) | 31.03.2020 ലെ നീക്കിയിരുപ്പ് തുക (വാർഷിക കണക്ക് പ്രകാരാരം) | വ്യത്യാസം |
|---|---|---|---|
| Special TSB - 20 | 1423664 | -1703751 | 3127415 |
| Co.Operative Bank (Own Fund) NDP-424 | 1659684.49 | 1535933 | 123751.49 |
| N U L M Fund ICICI Bank-266605500082 | 2765085.61 | 2413129 | 351956.61 |
| HDFC Bank Own Fund - 50100215625441 | 7912944.50 | 6083483 | 1829461.50 |
| KSCB Municipal Own Fund - 3401 | 5473390.82 | 4162061.82 | 1311329 |
| 917010069258367 AXIS Bank Own Fund | 1951491.20 | 474647 | 1476844.20 |
| Canera Bank (Own Fund) 3153101009400 | 3842439 | 4814123 | 971684 |
| ICICI Bank Swachh Bharat Mission 266605000292 | 12049984 | 12039734 | 10250 |

3. തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, വാടക, ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, License Fee For Domestic Animals / Dogs, Private Hospital & Paramedical Institutions Registration Fee, ബസ് സ്റ്റാന്റ് ഫീ, മാർക്കറ്റ് ഫീസ്, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. Loan From HUDCO (330500202) ഇനത്തിൽ ബാലൻസ് ഷീറ്റ് B-5 പ്രകാരം 100600000 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക 92880000 രൂപ. വ്യത്യാസം 7720000 രൂപ.

5. Tutorial College Registration Fee ഡിമാന്റ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം തൻവർഷം 2500 രൂപ ഈ ഇനത്തിൽ വരവ് ഉണ്ടെങ്കിലും, വാർഷിക കണക്ക് പ്രകാരം വരവ് തുക 1400 രൂപയാണ്. വ്യത്യാസം 1100 രൂപ.

6. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 47 (2), (4) എന്നിവയിൽ നിഷ്കർഷിക്കുന്ന പ്രകാരം ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് B-12 പ്രകാരം Fixed Deposit (420800100) ഇനത്തിൽ 387447 രൂപ നീക്കിയിരുപ്പ് ഉണ്ട്. പലിശ ഇനത്തിൽ വന്ന തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

9. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനം പ്രതി പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 5(4), 6(4), 54(2))

11. സ്ഥാപനം നൽകിയതും 3 മാസത്തിലധികമായി പണാക്കാത്തതുമായ ചെക്കുകൾ മുഴുവനായും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 45). 3 വർഷം കഴിഞ്ഞ ചെക്കുകൾ വരവായി രസീത് ചെയ്തിട്ടില്ല.

12. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 53ൽ നിഷ്കർഷിക്കുന്ന പ്രകാരം പ്രതിമാസ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

13. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 58(e)) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. Loan From HUDCO (330500202) ഇനത്തിലെ തിരിച്ചടവ് തുക (Source Deduction – Plan Fund) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ Non Refundable Deposit കൾ നിയമപരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

16. ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 54(5)(g)

17. Income & Expenditure Statement I-16 Written Off തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. (270300301, 270300401)

18. ബാലൻസ് ഷീറ്റ് B-17 Special TSB – 20 അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക ക്രഡിറ്റ് ബാലൻസ് ആയതിന് (1703751) വിശദീകരണം ലഭ്യമാക്കിയില്ല.

19. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

20. വിനോദ നികുതി വരവ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഈ ഇനത്തിൽ തൻവർഷ വരവ് തുക 813486 രൂപ (RP-1)

21. License Fee Under P.P.R Act, Fees For Birth & Death Certificate, Advertisement Fee, Road Cutting Charges എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് സമർപ്പിച്ചിട്ടില്ല.

22. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ / അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഷിക കണക്കുമായി പരിശോധിക്കത്തക്ക വിധം തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

23. Capital Work In Progress ആയി കാണിച്ച തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. (RP-33)

## 1-12 തൊഴിൽ നികുതി - അപാകതകൾ.

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല.*

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിലെ ചട്ടം 257പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയും നികുതി നൽകാൻ ബാധ്യസ്ഥരായ ആളുകളുടെ അടവുതുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേൺസും പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയ മിക്ക സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

*2. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.*

2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 3650545/- രൂപ വരവ് വന്നിട്ടുണ്ട്. രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ ഈ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

*3. റിട്ടേൺസ് രജിസ്റ്ററിലെ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.*

തൊഴിൽ നികുതി കണക്കാക്കിയത് സംബന്ധിച്ച് സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺസ് രജിസ്റ്ററിലെ ക്രമപ്രകാരം സൂക്ഷിക്കാത്തതിനാൽ നികുതി അടവാക്കിയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

4. സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രജിസ്റ്ററോ അനുബന്ധ വിവരങ്ങളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26/26-10-21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിശ്ചയിച്ചതിൽ അപാകത- 705006/-രൂപ നഷ്ടം.

നഗരസഭ വസ്തു നികുതി നിരക്ക് നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്ത ഉത്തരവ് പ്രകാരം (01/11/2015-ലെ ഉത്തരവ്) നഗരസഭാ പ്രദേശത്ത് 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവക്ക് അടിസ്ഥാന വസ്തുനികുതിയായി ചതുരശ്ര മീറ്ററിന് 70/- രൂപയും, അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് എന്നിവക്ക് അടിസ്ഥാന വസ്തുനികുതിയായി ചതുരശ്ര മീറ്ററിന് 30/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ കൊണ്ടോട്ടി വില്ലേജിൽ, സർവ്വേ നമ്പർ BL-12, 286/1, 286/2-1 286/15 (വാർഡ് 4 ൽ) ഉൾപ്പട്ട 75 സെന്റ് സ്ഥലത്ത്, യു തിലകൻ, MANAGING DIRECTOR , LEENA HOSPITALITY SERVICE,PVT LTD എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4 നില കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1). കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം ഹോട്ടൽ കൈവശ ഗണത്തിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവക്ക് ബാധകമായ നിരക്കിൽ [ചതുരശ്ര മീറ്ററിന് 70/- രൂപ] അടിസ്ഥാന വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന് അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് എന്നിവക്ക് ബാധകമായ നിരക്കിലാണ് [ചതുരശ്ര മീറ്ററിന് 30/- രൂപ] വസ്തു നികുതി ചുമത്തിയിട്ടുള്ളത്.

2). റെവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ, 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, പട്ടിക 6ക്രമ നമ്പർ 1 പ്രകാരമുള്ള 15% -ത്തിന്റെ വർദ്ധനവ് കൂടി ചുമത്തേണ്ടതാണ്. എന്നാൽ മേൽ വർദ്ധനവ് വരുത്താതെയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത്.

മേൽ അപാകതകൾ മൂലം വസ്തു നികുതി ചുമത്തിയതിൽ ചുവടെ ചേർക്കും പ്രകാരം പ്രതിവർഷം 190094/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച കെട്ടിട നമ്പറുകൾ | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി (@ അടിസ്ഥാന വസ്തുനികുതി 30+20%) | ഈടാക്കേണ്ട വസ്തുനികുതി ((@ അടിസ്ഥാന വസ്തുനികുതി 70+35% )- ഓരോ നിയിലുമുള്ള ഇളവ്)* വഴിസൗകര്യം 20% വർദ്ധനവ്, തറ നിർമ്മിതി 15% വർദ്ധനവ് | കുറവ് | കുറിപ്പ് (ഒപ്പുവെച്ച തിയതി) |
|---|---|---|---|---|---|
| 213A,( സെല്ലാർ) | 110.17 | 3967 | 10411 | 6444 | 20-09-2019 (നികുതി പ്രാബല്യം- 2018 First Half മുതൽ) |
| 213A1 ( സെല്ലാർ) | 211.08 | 7599 | 19948 | 12349 | |
| 213A2( താഴത്തെ നില) | 744.33 | 30146 | 70339 | 40193 | |
| 213A3 (ഒന്നാം നില) | 372.165 | 15073 | 33412 | 18339 | |
| 213A4 (ഒന്നാം | 372.165 | 15073 | 33412 | 18339 | |

| | | | | | |
|---|---|---|---|---|---|
| നില) | | | | | |
| 213A5 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A6 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A7 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A8 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A9 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A10 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A11 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A12 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A13 (രണ്ടാം നില) | 66.39 | 2391 | 5664 | 3255 | |
| 213A14 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A15 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A16 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A17 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | 17-10-2020 (നികുതി പ്രാബല്യം- 2019 First Half മുതൽ) |
| 213A18 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A19 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A20 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A21 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A22 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A23 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A24 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |

| | | | | | |
|---|---|---|---|---|---|
| 213A25 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A26 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A27 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A28 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A29 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A30 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A31 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A32 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A33 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A34 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A35 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A36 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A37 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A38 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A39 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A40 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| 213A41 (നാലാം നില) | 60.638 | 2183 | 4585 | 2402 | |
| | 3933.208 | 148313 | 338407 | 190094 | |

(* വാർഷിക വസ്തുനികുതിയിൽ ചട്ടപ്രകാരം ഒന്നാം നിലക്ക് 5% , രണ്ടാം നിലക്ക് 10%, മൂന്നാം നിലക്ക് 15% , നാലാം നിലക്ക് 20% എന്ന തോതിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.)

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 57/19-20 തിയതി 01-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം 190094/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 9505/-രൂപയും നഷ്ടം വന്നിട്ടുണ്ട്.

നികുതി ചുമത്തിയതിലെ അപാകത മൂലം നാളിതുവരെ (2021-22 വരെ) നഗരസഭക്ക് 705006/- രൂപ നഷ്ടം

വന്നിട്ടുണ്ട്.
( 2018-19 213 A മുതൽ 213 A16 വരെ 134724 രൂപ + 2019-20, 2020-21 & 2021-22 വർഷങ്ങളിൽ 213 A മുതൽ 213 A41 വരെ 190094* 3 = 705006 രൂപ).
വസ്തു നികുതി പുനർനിർണ്ണയം നടത്തി ഡിമാന്റിൽ മാറ്റം വരുത്തിയതിന്റെയും നഷ്ടതുക ഈടാക്കിയതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ വ്യത്യാസം.18993 രൂപ നഷ്ടം.

വാണിജ്യാവശ്യത്തിനുള്ള100 ച മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവക്ക് 40 രൂപയും 100 ച മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവക്ക് 70 രൂപയും ആണ് നഗരസഭയിൽ അടിസ്ഥാന വസ്തുനികുതിയായി ഈടാക്കി വരുന്നത്. വാണിജ്യാവശ്യത്തിനുള്ള 100 ച മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച മീ താഴെയുള്ള പല മുറികളായി തിരിച്ച് വ്യത്യസ്ത കെട്ടിട നമ്പർ നൽകിയാലും 70 രൂപയാണ് അടിസ്ഥാന വസ്തുനികുതി ഈടാക്കുന്നത്.

എന്നാൽ പി എൻ അബൂബക്കർ എന്ന വ്യക്തിയുടെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിനു വസ്തു നികുതി കണക്കാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വിസ്തീർണ്ണം | 167.68 ച മീറ്റർ( 20.96* 4 & 83.84*1) |
| അനുവദിച്ച കെട്ടിട നമ്പർ | 75 A, 75 A1, 75 A2, 75 A3, 75 A4 |
| ഉപയോഗക്രമം | വാണിജ്യാവശ്യം(ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ ) |
| ഈടാക്കിയ വസ്തുനികുതി@40 രൂപ | 8459 |
| ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി@70 രൂപ+ വഴി സൌകര്യം 20% വർദ്ധനവ്+LC | 14790 (19-20 First Half മുതൽ പ്രാബല്യം) |
| കുറവ് | 6331 |

മേൽ പരാമർശിച്ച കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ പ്രതിവർഷം 6331/- നഷ്ടം വന്നിട്ടുണ്ട്.
നികുതി ചുമത്തിയതിലെ അപാകത മൂലം നാളിതുവരെ (2021-22 വരെ) നഗരസഭക്ക് 18993 രൂപ നഷ്ടം വന്നിട്ടുണ്ട്.
വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32/19-20 തിയതി ) അറിവില്ലായ്മ മൂലമാണ് 40 രൂപ കണക്കാക്കിയതെന്നും 70 രൂപ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി പുതുക്കിയ വസ്തുനികുതി ഈടാക്കി കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഡിമാന്റിൽ മാറ്റം വരുത്തി നികുതിയിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.

2011 ലെ കേരളാ മുൻസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3( 4 ) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെയോ ഒരാളുടെ തന്നെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ ആ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നും കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ കൊണ്ടോട്ടി വില്ലേജിലെ കെ കെ സൈതലവി എന്ന വ്യക്തിയുടെ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | E1. 476/17-18 |
| ബ്ലോക്ക് & സർവ്വെ നമ്പർ | 36, 33/15-2 |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 261.97 ച മീറ്റർ |

| | |
|---|---|
| വസ്തു നികുതി കണക്കാക്കിയ വിസ്തീർണ്ണം | 202.54 ച മീറ്റർ |
| അനുവദിച്ച കെട്ടിട നമ്പർ | 261 A, 261 A1 മുതൽ 261A 11 വരെ |
| കണക്കാക്കിയ വസ്തു നികുതി | 16390 (2019-20 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം) |
| യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി @70 രൂപ+ വഴി സൌകര്യം 20% വർദ്ധനവ് മേഖലാ അടിസ്ഥാനത്തിൽ 10% ഇളവ്+LC | 21 181 രൂപ (കുറവ്-4791) |

ആകെ വിസ്തീർണ്ണത്തിൽ നിന്നും കുറവ് വരുത്തി നികുതി ചുമത്തിയതിന് വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കൊടുത്ത എൻക്വയറിക്ക്( നം 40/19-20 തിയതി30-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കുമ്പോൾ ചട്ടപ്രകാരം ആവശ്യമായ കെട്ടിടത്തിന്റെ എല്ലാ ഭാഗത്തിനും നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽ കെട്ടിടത്തിനു വസ്തുനികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി നിർണ്ണയം/നമ്പറിംഗ്-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

കെട്ടിടങ്ങൾക്ക് നമ്പർ ലഭ്യമാകുന്നതിനായി നഗരസഭയിൽ സമർപ്പിച്ച അപേക്ഷകളിൽ തൻവർഷം നമ്പർ അനുവദിച്ച വിവിധ കെട്ടിടങ്ങളുടെ അപേക്ഷകളും അനുബന്ധ വിവരങ്ങളുമടങ്ങിയ ഫയൽ പൂർണ്ണമായും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഈ ഫയലുകളിൽ നഗരസഭ സ്വീകരിച്ച തുടർനടപടി വിവരങ്ങളും നമ്പർ അനുവദിച്ച കെട്ടിടങ്ങൾ പൂർണ്ണമായും ചട്ടപ്രകാരം തന്നെയാണോ നിർമ്മാണം പൂർത്തിയാക്കിതെന്നും പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകിയ ചുവടെ ചേർത്ത ഫയലുകൾ അനുബന്ധരേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1. 14011/19

2.8709/19

3.15856/19

4. 1576/20

5. 15212/17

6. 11548/19

7.10799/19

## 1-17 കെട്ടിട നിർമ്മാണാനുമതി - അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ഗൗരവതരമായ അപാകതകൾ.

നഗരസഭയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നഗരസഭയിലെ കെട്ടിട നിർമ്മാണാനുമതി/ റഗുലറൈസേഷൻ അപേക്ഷകളിലെ തുടർ നടപടി വിവരം പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഫ്രണ്ട് ഓഫീസ് മുഖേന ലഭിച്ച അപേക്ഷകൾ സെക്ഷൻ കൈപ്പറ്റുന്നത് മുതൽ തീർപ്പാക്കുന്നത് വരെ വിവിധ ഘട്ടങ്ങളിലെ നടപടികളിൽ ഗൗരവതരമായ അപാകതകൾ പരിശോധനയിൽ കണ്ടെത്തി.
വിശദ വിവരങ്ങൾ താഴെ നൽകുന്നു.

### 1-17-1 ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന അപേക്ഷകൾ സെക്ഷൻ പൂർണ്ണമായി കൈപ്പറ്റുന്നില്ല.

നഗരസഭയിൽ ലഭിക്കുന്ന തപാലുകളുടെ വിവരം രേഖപ്പെടുത്തുന്ന ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണാനുമതിക്കായി ലഭിച്ച വിവിധ അപേക്ഷകൾ സെക്ഷൻ കൈപ്പറ്റിയതായി കാണുന്നില്ല.

ഉദാ:- 4831/10.04.2019, 4832/10.04.2019, 4833/10.04.2019, 4834/10.04.2019, 4845/10.04.2019, 4848/10.04.2019, 5446/08.05.2019, 5905/24.05.2019, 11328/10.10.2019

പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധ അപേക്ഷകൾ പൂർണ്ണമായി സെക്ഷൻ കൈപ്പറ്റി എന്ന് ഉറപ്പുവരുത്താൻ പോലും സൂപ്പർവൈസറി ഉദ്യോഗസ്ഥൻ ശ്രമിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

## 1-17-2 സെക്ഷൻ കൈപ്പറ്റുന്ന തപാലുകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

നഗരസഭയിൽ കെട്ടിട നിർമ്മാണാനുമതി, കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി ചുമത്തൽ ഇതുമായി ബന്ധപ്പെട്ട മറ്റു തപാലുകൾ എന്നിവ കൈകാര്യം ചെയ്യുന്നത് ഒരു സെക്ഷൻ ആണ്. മേൽ പരാമർശിച്ച എല്ലാ ഇനങ്ങളിലും ലഭിക്കുന്ന തപാലുകൾ പ്രസ്തുത സെക്ഷനാണ് കൈപ്പറ്റുന്നത്.

സർക്കാർ ജീവനക്കാർക്ക് ബാധകമായ മാന്വൽ ഓഫ് ഓഫീസ് പ്രൊസീജർ ( MOP ) പ്രകാരം എല്ലാ ജീവനക്കാരും തങ്ങൾ കൈപ്പറ്റുന്ന തപാലുകളുടെ വിവരം നിശ്ചിത രജിസ്റ്ററിൽ(പേർസണൽ രജിസ്റ്റർ) ചേർക്കേണ്ടതും തുടർ നടപടി വിവരം ഉൾപ്പെടെ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ മേൽ സെക്ഷൻ MOP പ്രകാരമുള്ള പേർസണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഇക്കാരണത്താൽത്തന്നെ സെക്ഷൻ കൈപ്പറ്റിയ എല്ലാ തപാലുകളിലും നടപടിസ്വീകരിച്ചോ എന്നത് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

നഗരസഭയിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചു എന്ന് ഉറപ്പുവരുത്തേണ്ട സൂപ്രണ്ട് , നഗരസഭാ സെക്രട്ടറി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥർ തങ്ങളുടെ ചുമതലകൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

## 1-17-3 കെട്ടിട നിർമ്മാണാനുമതി അപേക്ഷ – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കിതദ്ദേശ സ്വയംഭരണ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്.

ഇത് സംബന്ധിച്ച് സർക്കുലറിൽ വ്യക്തമാക്കുന്ന കാര്യങ്ങൾ താഴെ നൽകുന്നു.

A). ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
B). രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.
C). അപേക്ഷ സംബന്ധിച്ച എല്ലാ തുടർ നടപടി വിവരങ്ങളും ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
D). രേഖപ്പെടുത്തലുകൾക്കിടയിൽ രജിസ്റ്ററിലെ ഉപയോഗിക്കാത്ത പേജുകളും വരികളും റദ്ദ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.
E). അപേക്ഷകൾ പരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നവിവരങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
F). പെർമിറ്റ് അനുവദിക്കുകയാണെങ്കിൽ ഫീസ് അടച്ച വിവരം, പെർമിറ്റ് നമ്പർ , തിയ്യതി എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
G). എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിച്ച് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ക്രമപ്രകാരം അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും പരിശോധനാ വിവരം തിയ്യതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2019-20 വർഷത്തെയും മുൻ വർഷങ്ങളിലെയും കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സൂക്ഷിപ്പിൽ ഗൗരവതരമായ അപാകതകൾ കണ്ടെത്തുകയുണ്ടായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1) തൻ വർഷം ലഭിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2) അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടി വിവരം, പരിശോധനക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയ വിവരം, എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) ഏതാനം അപേക്ഷകളിൽ മാത്രമാണ് പെർമിറ്റ് നൽകിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. പെർമിറ്റ് നൽകിയ വളരെയധികം അപേക്ഷകളിൽ രജിസ്റ്ററിൽ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല.

3) രജിസ്റ്റർ പ്രകാരം ബഹുഭൂരിപക്ഷം അപേക്ഷകളിലുംഅപേക്ഷ സംബന്ധിച്ച വിവരം മാത്രമെ ചേർത്തിട്ടുള്ളൂ.

4) സെക്രട്ടറിയോ ചുമതലപ്പെടുത്തിയോ ഉദ്യോഗസ്ഥരോ ആരുംതന്നെ രജിസ്റ്റർ പരിശോധിച്ചിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (4/21-10-21,5/21-10-2021) എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കെട്ടിട നിർമ്മാണ അപേക്ഷകളിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

2019-20 വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്/ റഗുലറൈസേഷനുവേണ്ടി ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽലഭിച്ച നിരവധി അപേക്ഷകൾ കെട്ടിട നിർമ്മാണ അപേക്ഷ വിവരങ്ങൾ ചേർക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായി. രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽത്തന്നെ ഈ അപേക്ഷകളിൽ തുടർനടപടി സ്വീകരിച്ചതായും കാണുന്നില്ല.

രജിസ്റ്ററിൽ ചേർക്കാത്ത തപാലുകളുടെ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | തപാൽ നമ്പർ | അപേക്ഷയുടെ തരം ( ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പ്രകാരം ) |
|---|---|---|
| 1. | 4831/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 2. | 4832/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 3. | 4833/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 4. | 4834/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 5. | 4845/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 6. | 4848/10.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 7. | 4950/17.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 8. | 5043/25.04.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 9. | 5446/08.05.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 10. | 5643/14.05.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 11. | 5741/18.05.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 12. | 5742/18.05.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 13. | 5905/24.05.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 14. | 6345/10.06.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 15. | 6346/10.06.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 16. | 6361/10.06.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 17. | 6450/12.06.2019 | റഗുലറൈസേഷൻ അപേക്ഷ |
| 18. | 6940/26.06.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 19. | 7759/17.07.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 20. | 8168/26.07.2019 | റഗുലറൈസേഷൻ അപേക്ഷ |
| 21. | 8293/29.07.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 22. | 8325/29.07.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 23. | 8513/30.07.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 24. | 8954/13.08.2019 | റഗുലറൈസേഷൻ അപേക്ഷ |

| | | |
|---|---|---|
| 25. | 9108/19.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 26. | 9110/19.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 27. | 9111/19.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 28. | 9172/21.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 29. | 9541/27.08.2019 | റഗുലറൈസേഷൻ അപേക്ഷ |
| 30. | 9764/30.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 31. | 9878/31.08.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 32. | 10329/16.09.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 33. | 10911/28.09.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 34. | 11003/01.10.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ (അപാകത പരിഹരിച്ചത്) |
| 35. | 11083/03.10.2019 | റഗുലറൈസേഷൻ അപേക്ഷ |
| 36. | 11328/10.10.2019 | റഗുലറൈസേഷൻ അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 37. | 12108/30.10.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 38. | 12119/30.10.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 39. | 12124/30.10.2019 | റഗുലറൈസേഷൻ അപേക്ഷ |
| 40. | 12817/19.11.2019 | റഗുലറൈസേഷൻ അപേക്ഷ |
| 41. | 13213/27.11.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 42. | 13440/02.12.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 43. | 13607/04.12.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 44. | 14025/16.12.2019 | റഗുലറൈസേഷൻ അപേക്ഷ |
| 45. | 14120/18.12.2019 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 46. | 78/03.01.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 47. | 569/16.01.2020 | റഗുലറൈസേഷൻ അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 48. | 1044/27.01.2020 | റഗുലറൈസേഷൻ അപേക്ഷ |
| 49. | 1431/04.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 50. | 1525/06.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 51. | 1939/15.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 52. | 1963/15.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 53. | 2462/24.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 54. | 2505/24.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ ( തപാൽ കൈപ്പറ്റിയിട്ടില്ല. ) |
| 55. | 2577/25.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 56. | 2618/25.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 57. | 2619/25.02.2020 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ |
| 58. | 4489/18.03.2020 | റഗുലറൈസേഷൻ അപേക്ഷ |

ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽ ലഭിച്ച കെട്ടിട നിർമ്മാണ പെർമിറ്റ്/ റഗുലറൈസേഷൻ അപേക്ഷകൾ രജിസ്റ്ററിൽ ചേർക്കാതിരുന്ന എന്നത് വളരെ ഗൗരവതരമായ അപാകതാണ്. മേൽ അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/21-10-21)മറുപടി ലഭ്യമാക്കിയത് തൃപ്തികരമല്ല. ( അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല)

## 1-19 കെട്ടിട നിർമ്മാണ അപേക്ഷകൾ -ഫയൽ ശരിയായി സൂക്ഷിക്കുന്നില്ല.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിൽ കെട്ടിട നിർമ്മാണ അപേക്ഷയിൽ ഫയൽ സൂക്ഷിക്കേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

A). അപേക്ഷ ഫയലിൽ നോട്ട് ഭാഗവും , കരസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കണം.

B). ഇവ സമയക്രമത്തിനനുസരിച്ച് ഫയൽ ചെയ്യണം.

C). നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും പേജ് നമ്പരും രേഖപ്പെടുത്തണം.

D). സെക്ഷൻ ക്ലർക്കിന്റെ നോട്ടിൽ അപേക്ഷ സംബന്ധിച്ച പ്രാഥമികമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തണം.

E). അപേക്ഷ സൂക്ഷ്മ പരിശോധന നടത്തി എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ അപേക്ഷ കെട്ടിട നിർമ്മാണ ചട്ടപ്രകാരമാണോ എന്ന് പരിശോധിച്ച് എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുണ്ട്.

എന്നാൽ നഗരസഭയിൽ കെട്ടിട നിർമ്മാണ അപേക്ഷ ഫയൽ കൈകാര്യം ചെയ്യുന്നത് മേൽ പരാമർശിച്ച സർക്കുലറിലെ നിർദ്ദേശത്തിനനുസൃതമായല്ല. സെക്ഷൻ പ്രാഥമിക പരിശോധന പോലും നടത്താതെ എഞ്ചിനിയറിംഗ് വിഭാഗത്തിന് ഫയൽ കൈമാറുന്നു. എഞ്ചിനിയറിംഗ് വിഭാഗവും ഫയലിൽ വിശദമായ പരിശോധനാകുറിപ്പ് രേഖപ്പെടുത്തുന്നില്ല.

സർക്കാർ നിർദ്ദേശിച്ച രീതിയിൽ പരിശോധനാറിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം.5/21-10-2021)

## 1-20 കെട്ടിട നിർമ്മാണാനുമതി -അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കെട്ടിട നിർമ്മാണാനുമതിക്കായി നഗരസഭയിൽ ലഭിച്ചതും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതുമായ പെർമിറ്റ് / റഗുലറൈസേഷൻ അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളിലെ തുടർ നടപടി വിവരങ്ങൾ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയാൻ സാധിക്കുന്നില്ല. അപേക്ഷകൾ സംബന്ധിച്ച വ്യക്തമായ വിവരം രജിസ്റ്ററിൽ നിന്ന് ലഭ്യമാകാത്തതിനാൽ പെർമിറ്റ് അപേക്ഷ രജിസ്റ്ററുകൾ പരിശോധിച്ച് കെട്ടിടനിർമ്മാണ അനുമതിക്കായി നഗരസഭയിൽ ലഭിച്ച 87 അപേക്ഷകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി ( എൻക്വയറി നമ്പർ 14/25.10.2021) മുഖേന ആവശ്യപ്പെട്ടെങ്കിലും 31 അപേക്ഷകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

ലഭ്യമാക്കാത്ത അപേക്ഷകളുടെ വിവരം താഴെ നൽകുന്നു.

I - 2019-20 വർഷത്തിൽ ലഭ്യമായ അപേക്ഷകൾ .

| | | | | |
|---|---|---|---|---|
| 4485/1.4.2019 | 4587/2.4.19 | 4644/4.4.19 | 4852/11.4.19 | 4883/12.4.19 |
| 5171/29.4.19 | 5301/3.5.19 | 7491/10.7.19 | 7744/17.7.19 | 7980/23.7.19 |
| 8140/26.7.19 | 8329/29.7.19 | 9121/19.8.19 | 9508/27.08.19 | 9347/24.8.19 |
| 9707/30.8.19 | 10247/6.9.19 | 10399/17.9.19 | 10467/18.9.19 | 11270/9.10.19 |
| 12354/5.11.19 | 12421/6.11.19 | 12474/7.11.19 | 13767/9.12.19 | 14486/30.12.19 |
| 770/21.1.20 | 1043/27.1.20 | 1066/28.1.20 | 1676/10.2.20 | 1770/19-2-20 |

II- 2019-20 വർഷത്തിന് മുമ്പ് നഗരസഭയിൽ കിട്ടിയ അപേക്ഷകൾ

(എടുത്ത തീരുമാനത്തിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് / 2019-20 വർഷത്തിൽ പെർമിറ്റ് നൽകിയത്. )

| | | | | |
|---|---|---|---|---|
| 6609/12.07.2017 | 7244/2.8.17 | 7270/2.8.17 | 8400/25.8.17 | 8593/7.9.17 |
| 8630/8.9.17 | 8736/13.9.17 | 8941/20.9.17 | 9077/25.9.17 | 9076/26.9.17 |
| 9640/17.10.17 | 10323/4.11.17 | 1102/3.2.18 | 8456/30.6.18 | 9566/23.7.18 |
| 13691/3.11.18 | 14523/29.11.18 | 238/10.1.19 | 239/10.1.19 | 630/22.1.19 |
| 718/24.1.19 | 752/25.1.19 | 835/30.1.19 | 1329/12.2.19 | 1565/15.2.19 |
| 2672/27.2.19 | | | | |

കെട്ടിട നിർമ്മാണാനുമതിക്കായി മേൽ തപാലുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 കെട്ടിട നിർമ്മാണാനുമതി -മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ തുടർനടപടി സ്വീകരിക്കുന്നു

നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിക്കേണ്ടത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാണ്. ഈ ചട്ടങ്ങൾ അനുസരിച്ച് കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കാനുള്ള അധികാരം പൂർണ്ണമായും സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

കെട്ടിട നിർമ്മാണാനുമതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത് സെക്രട്ടറിക്കാണ്. ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതും സെക്രട്ടറി തന്നെയാണ് എന്ന് ചട്ടങ്ങളിൽ വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്. ( 1999 ലെ ചട്ടം 4,5,7,11 / 2019 ലെ ചട്ടം 4,5,9 ).
പെർമിറ്റുമായി ബന്ധപ്പെട്ട് സെക്രട്ടറിയുടെ ചുമതലകളിൽ കെട്ടിട നിർമ്മാണാനുമതിക്കായി ലഭിച്ച അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുക എന്നത് ഒഴികെ, ചട്ടപ്രകാരമുള്ള സെക്രട്ടറിയുടെ ഒരു ചുമതലയും മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്ക് ഏല്പിച്ച് നൽകുവാൻ ഈ ചട്ടത്തിൽ അനുമതി നൽകിയിട്ടില്ല.

എന്നാൽ നഗരസഭയിൽ 2019-20 വർഷത്തിൽ കെട്ടിട നിർമ്മാണാനുമതിക്കായി ലഭിച്ച വിവിധ അപേക്ഷകളിൽ ചട്ട പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പരാമർശിക്കുന്നു.
1) മുനിസിപ്പൽ എഞ്ചിനിയർ പെർമിറ്റ് അപേക്ഷയിൽ നടപടി സ്വീകരിച്ചു.
നഗരസഭയിൽ ഓഡിറ്റിന് ലഭ്യമായ ഏതാനും പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ മുനിസിപ്പൽ എഞ്ചിനിയർ പെർമിറ്റ് അപേക്ഷകളിൽ തീരുമാനം എടുത്ത് പെർമിറ്റ് നൽകിയതായി കാണുന്നു.
കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2019 പ്രകാരം കെട്ടിട നിർമ്മാണാനുമതി അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കാനും പെർമിറ്റ് നൽകാനുമുള്ള അധികാരം മുനിസിപ്പൽ സെക്രട്ടറിക്കാണ് എന്ന് വ്യക്തമായിനിർദ്ദേശിച്ചതാണ്. സെക്രട്ടറിയുടെ ഈ അധികാരം മറ്റേതെങ്കിലും ഉദ്യോഗസ്ഥന് ചുമതലപ്പെടുത്താൻ ഈ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

2) അംഗീകരിക്കുന്ന പെർമിറ്റുകളുടെ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നില്ല .

പെർമിറ്റിന് ലഭിച്ച അപേക്ഷ അംഗീകരിക്കുകയാണെങ്കിൽ ആ വിവരം സെക്രട്ടറി അപേക്ഷകനെ രേഖാമൂലം അറിയിക്കണം എന്ന് ചട്ടത്തിൽ നിർദ്ദേശിക്കുന്നുണ്ട്.( ചട്ടം 9-4). ഇത്തരത്തിൽ അറിയിപ്പ് നൽകിയാണ് ആവശ്യമായ ഫീസ് അടവാക്കാൻ നിർദ്ദേശിക്കേണ്ടത്.

എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയതിൽ ഒരു ഫയലിൽ പോലും ഇത്തരത്തിൽ അപേക്ഷകന് രേഖാമൂലമുള്ള അറിയിപ്പ് നൽകിയതായി കാണുന്നില്ല.

2) അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി .

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടത് മുനിസിപ്പൽ സെക്രട്ടറിയാണ് ( 2019 ലെ ചട്ടം 20 )

ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ഏതാനും ഫയലുകളിൽ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഒപ്പുവച്ചതായി കാണുന്നു. ഉദാഃ- 12775/18.11.2019, 11242/09.10.2019 , 464/14.01.2020,

ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ ആധാരമാക്കിയ രേഖ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)നിരസിക്കുന്ന പെർമിറ്റുകളുടെ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നില്ല .

പെർമിറ്റിന് ലഭിച്ച അപേക്ഷകളിലെ രേഖകൾ പരിശോധിച്ച ശേഷം അപേക്ഷ നിരസിക്കാനാണ് തീരുമാനം എടുക്കുന്നത് എങ്കിൽ സെക്രട്ടറി അക്കാര്യം കാരണസഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ( ചട്ടം 9-5)

പരിശോധനക്ക് ലഭ്യമാക്കിയ പെർമിറ്റ് നൽകാത്ത അപേക്ഷകളിൽ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നില്ല. ബഹുഭൂരിപക്ഷം അപേക്ഷകളിലും അപേക്ഷ നിരസിക്കുന്ന വിവരം കാരണ സഹിതം അപേക്ഷകനെ

രേഖാമൂലം അറിയിച്ചതായും കാണുന്നില്ല.

4) അപാകതകൾ കണ്ടെത്തുന്ന അപേക്ഷകൾ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടില്ല .

കെട്ടിട നിർമ്മാണാനുമതിക്ക് ലഭിച്ച അപേക്ഷകൾ എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് അപാകതകൾ പരാമർശിച്ച ഫയലുകളിൽ പിന്നീട് ഒരു തുടർ നടപടിയും എടുത്തതായി കാണുന്നില്ല.

അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം പരാമർശിച്ച അപാകതകൾ സെക്രട്ടറി കാണുകയോ തുടർ നടപടി നിർദ്ദേശങ്ങൾ ഫയലിൽ നൽകുകയോ ചെയ്തിട്ടില്ല.

അപാകതകൾ കണ്ടെത്തിയ അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കാതെ ഫയൽ കെട്ടിവയ്ക്കുന്നത് ഗൗരവതരമായ അപാകതയാണ്.

ഏതാനും ഉദാഹരണങ്ങൾ താഴ നൽകുന്നു.

A) 10360/19 Dt 16.09.2019, 12482/8.11.19, 7072/29.06.2019, – ഓവർസിയർ അപാകത പരാമർശിച്ച ഫയലിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

B) 6591/19 Dt 15.06.2019, 7788/18.7.19, – എഞ്ചിനിയറിംഗ് വിഭാഗം അപാകത പരാമർശിച്ച അപേക്ഷ സെക്രട്ടറിയുടെ അനുമതിയില്ലാതെ നിരസിച്ചതായി/ സ്വീകരിച്ചതായി കാണുന്നു. അപേക്ഷകനെ രേഖാമൂലം വിവരം അറിയിച്ചിട്ടില്ല.

C) 14429/18 Dt . 26.11.2018 , 12457/7.11.19, 10956/30.8.18, 11287/5.9.18, 215/07.01.2020 - എഞ്ചിനിയറിംഗ് വിഭാഗം അപാകത പരാമർശിച്ച അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

D) 12124/30.10.2019 - സമർപ്പിക്കപ്പെട്ട അപേക്ഷയിലെ അപാകത രേഖാമൂലം അപേക്ഷകനെ അറിയിച്ചിട്ടില്ല. അപാകത പരാമർശിച്ച അപേക്ഷയിൽ പുതിയ അപേക്ഷ സമർപ്പിക്കാതെ 10 മാസത്തിന് ശേഷം അതേ അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചു.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( 41/30-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-22 കെട്ടിട നിർമ്മാണാനുമതി / നമ്പറിംഗ് പരാതികൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

കെട്ടിട നിർമ്മാണാനുമതി / നമ്പറിംഗുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ നഗരസഭയിൽ ഫ്രണ്ട് ഓഫീസ് മുഖേന ലഭിച്ച വിവിധ തപാലുകൾ പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ്എൻക്വയറി(37/29-10-21) മുഖേന ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത തപാലുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.
തപാലുകളുടെ വിവരം താഴെ നൽകുന്നു.

| തപാൽ നമ്പർ | കുറിപ്പ്(ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പ്രകാരം ) |
|---|---|
| 5298/03.05.2019 | ഗോഡൗൺ സംബന്ധിച്ച പരാതി- ശ്രീ KK ഉനൈസ് |
| 6323/07.06.2019 | അനധികൃത നിർമ്മാണം പരാതി |
| 7340/05.07.2019 | Airport Authority യുടെ Objection Letter |
| 11060/01.10.2019 | കെട്ടിട നിർമ്മാണ പരാതി - ടൗൺ പ്ലാനറുടെ കത്ത് |
| 11155/04.10.2019 | അനധികൃത വയൽ നികത്തൽ നെടിയിരുപ്പ് കൃഷി ഓഫീസറുടെ റിപ്പോർട്ട് |
| 11899/24.10.2019 | ശ്രീ രവീന്ദ്രന്റെ പരാതി |
| 12394/06.11.2019 | Airport Authority യുടെ കത്ത് |
| 2815/28.02.2020 | കെട്ടിട നമ്പർ - പരാതി ശ്രീ അബ്ദുൽ റഫീഖ് |
| 3759/09.03.2020 | പരാതി -ശ്രീമതി കുണ്ടുകുളവൻ പാത്തുമ്മ |
| 3760/09.03.2020 | പരാതി - നഗരാസൂത്രകയുടെ കത്ത്. |

മേൽ പരാമർശിച്ച തപാലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 കെട്ടിട നിർമ്മാണചട്ടം പാലിക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി.

| | |
|---|---|
| ഫയൽ നമ്പർ | 13640/02.11.2018 |
| അപേക്ഷകന്റെ പേര് | ശ്രീ മുഹമ്മദ് ബഷീർ സി |
| സ്ഥലത്തിന്റെ വിവരം | Block No 12 Resurvey No 217/11-2, 217/23-2<br>8.01 Are |
| പെർമിറ്റിന് അപേക്ഷിച്ച കെട്ടിടത്തിന്റെ തരം | Commercial |
| പ്ലിന്ത് ഏരിയ | 1820.94 Sqm |
| കാർപെറ്റ് ഏരിയ | 998.58 Sqm |

മേൽ പരാമർശിക്കുന്ന നിർമ്മാണത്തിന് കെട്ടിടനിർമ്മാണാനുമതിക്കായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷ അംഗീകരിച്ച് പെർമിറ്റ് ഫീസ് ഈടാക്കിയതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. ( ₹ 18210/ 25.02.2019 )

കെട്ടിട നിർമ്മാണാനുമതിക്കായി അപേക്ഷകൻ സമർപ്പിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന് പ്ലാനിൽ കാണിച്ച കാർ പാർക്കിംഗ് സൗകര്യം അപര്യാപ്തമാണ് എന്ന് വ്യക്തമായി.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 (3 ) പ്രകാരം " ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യത്തോട്കൂടിയായിരിക്കണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് " എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

സമർപ്പിക്കപ്പെട്ട അപേക്ഷയിൽ സെല്ലാർ ഫ്ലോറിലാണ് പാർക്കിംഗിന് സ്ഥലം നീക്കിവച്ചിട്ടുള്ളത്. എന്നാൽ പാർക്കിംഗ് പ്ലാൻ പ്രകാരം ഓരോ പാർക്കിംഗിലും ഉള്ള വാഹനത്തിന് തെരുവിലേക്ക് പ്രവേശിക്കുന്നതിനുള്ള സൗകര്യം ഈ കെട്ടിടത്തിൽ ഒരുക്കിയിട്ടില്ല. കൂടാതെ പാർക്കിംഗിൽ ഡ്രൈവിംഗിനുള്ള സ്ഥലവും ഒരുക്കിയിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിക്കുന്ന കെട്ടിടത്തിന് പെർമിറ്റ് ഫീ ഈടാക്കി അനുമതി നൽകിയത് ചട്ട വിരുദ്ധമാണ്.
അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നം.51/30-10-21)

## 1-24 വിനോദ നികുതി പൂർണ്ണമായും ഈടാക്കിയില്ല.

1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് എൻന്റെർടെയ്ൻമെന്റ് ടാക്സ് ആക്റ്റ് വകുപ്പ് 3 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ വിനോദ നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തൻവർഷത്തെ ഡിമാന്റിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന കൽപക തിയറ്ററിൽ നിന്നും 2020 മാർച്ച് മാസം വിനോദ നികുതി ഇനത്തിൽ വരവ് വന്നിട്ടില്ല. മാർച്ച് 23 ന് ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതുവരെ തടസ്സങ്ങൾ കൂടാതെ തിയറ്ററുകൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും നഗരസഭക്ക് ലഭ്യമാകേണ്ട നികുതി ലഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/ 19-20 തിയതി 26-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭക്ക് വിനോദ നികുതി ഇനത്തിൽ ലഭ്യമാകുവാനുള്ള മുഴുവൻ തുകയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വാടകക്കനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ പുനർ നിർണ്ണയിച്ചില്ല.

നഗരസഭയുടെ കീഴിൽ വാടകക്ക് നൽകുന്ന 23 റൂമുകളാണ് ഉള്ളത്. ലേല വ്യവസ്ഥ 11 ബി പ്രകാരം കടമുറികൾക്ക് ലേലം ഉറപ്പിക്കുമ്പോൾ മൂന്ന മാസത്തെ വാടകയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി നഗരസഭയിൽ അടവാക്കേണ്ടത്. 2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന റൂമുകളിലെ വാടകക്കാർ തന്നെ 5% വാടക വർദ്ധനവിൽ 2019-20 ലും

തുടരാൻ അനുമതി നൽകിയിട്ടുണ്ട്. ടിയാളുകൾ എന്നു മുതലാണ് മേൽ റൂമുകൾ ലേലത്തിൽ പിടിച്ചതെന്ന വാടക രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നില്ല. (2017-18മുതൽ തുടരുന്ന രജിസ്റ്ററാണ് നിലവിലും ഉപയോഗിക്കുന്നത്. അതിനും മുൻപു തന്നെ ടിയാളുകൾ റൂമുകൾ ലേലത്തിൽ പിടിച്ചിട്ടുണ്ട്.)

| റൂം നമ്പർ | വാടകക്കാരൻ | നിലവിലെ വാടക | മുൻവർഷത്തെ വാടക |
|---|---|---|---|
| 8/1741 | ശ്രീ പ്രദീഷ് | 33075 | 31500 |
| 8/1742 | ശ്രീ അബ്ദുൾ കരീം | 6233 | 5936 |
| 8/1743 | ശ്രീ സുധീഷ് പി | 20420 | 19448 |
| 8/1744 | ശ്രീ സുബ്രഹ്മണ്യൻ | 4702 | 4478 |
| 8/1745 | ശ്രീ ചെറിയാൻ അബൂബക്കർ | 49613 | 47250 |
| 8/1746 | ശ്രീ സഹീർ | 6306 | 60060 |
| 8/1748 | ശ്രീ പ്രദീഷ് | 23704 | 22575 |
| 8/1749 | ശ്രീ സ്വാമി അമാരൻ | 23263 | 22155 |
| 8/1750 | ശ്രീ മുരളീധരൻ | 8820 | 8400 |
| 8/1751 | ശ്രീ മുഹമ്മദ് അനസ് | 5775 | 5500 |
| 8/1757 | ശ്രീ ഇർഷാദ് റഹീം | 4085 | 3890 |
| 8/1758 | ശ്രീ ഹംസ ചക്കുന്നൻ | 2100 | 2000 |
| 2/2 | ശ്രീ മുഹമ്മദ്ബഷീർ | 5303 | 5050 |
| 2/5 | ശ്രീ ജിതീഷ് | 5303 | 5050 |

ഇത്തരത്തിൽ 5 ശതമാനം വർദ്ധനവോടു കൂടി വാടകകരാർ പുതുക്കുമ്പൾ വാടക വർദ്ധനവിനാനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതുക്കി വാങ്ങിയിട്ടില്ല. റൂമുകൾ ലേലത്തിൽ പിടിക്കുമ്പോൾ ടിയാളുകളുടെ കയ്യിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് എത്രയാണെന്നത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണെന്നുകാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(54/2019-20 /01.11.2021) മറുപടി ലഭ്യമാക്കിയില്ല. വാടകക്കാരിൽ നിന്നും ലേല വ്യവസ്ഥകൾക്കനുസരിച്ചുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

വാടക രജിസ്റ്റർ - അപാകതകൾ

വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. പിരിച്ചെടുക്കുന്ന വാടക അടുക്കും ചിട്ടയുമില്ലാതെ പല ഭാഗത്തായാണ് രേഖപ്പെടുത്തുന്നത് . രജിസ്റ്ററിലെ പേജുകൾ പലതും കീറിയ അവസ്ഥയിലാണ്. 2017-18 വർഷം മുതൽ തുടരുന്ന രജിസ്റ്റർ തന്നെയാണ് നിലവിലും ഉപയോഗിക്കുന്നത്. സാമ്പത്തിക വർഷത്തെ വാർഷിക സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകൾ ശരിയായി എഴുതി പൂർത്തീകരിക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതമാണ്.

## 1-26 ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭയിൽ അടച്ചില്ല

2019-20 വർഷത്തിൽ നഗരസഭയിൽ വിവിധ പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തു കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്.. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നഗരസഭാ ഫണ്ടിൽ അടവ് വന്നിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ്

ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ നഗരസഭയുടെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് നഗരസഭയുടെ തനത് വരുമാനമായി ലഭിക്കേണ്ട തുക നാളിതുവരെ ലഭിക്കാത്തതിന് കാരണം .സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ നഗരസഭയുടെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകൽ -സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച ഉത്തരവിലാണ് . ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടോയുള്ള നിർമ്മാണമായിരിക്കണം.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

നഗരസഭയിൽ 2019-20 ൽ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്ന സ്ഥാപനങ്ങളുടെ കെട്ടിടം സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ഉറപ്പുവരുത്താതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) നഗരസഭയിലെ രേഖകൾ പ്രകാരം നമ്പർ നൽകാത്ത കെട്ടിടങ്ങൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 7/21.10.21 ) ലഭ്യമാക്കിയ മറുപടിയിൽ മുൻവർഷങ്ങളിൽ ഫിറ്റ്നസ് നൽകിവന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിലും ഫിറ്റ്നസ് നൽകിവരുന്നത്

എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഫിറ്റ്നസ് നേടിയ കെട്ടിടങ്ങളാണെങ്കിലും ഓരോ വർഷവും കെട്ടിടത്തിന്റെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനിയർക്കുണ്ട്. കൂടാതെ കെട്ടിടങ്ങൾ അധികൃത കെട്ടിടങ്ങളാണ് എന്നും ഉറപ്പുവരുത്തേണ്ടതാണ്. ഫിറ്റ്നസ് നൽകുന്ന കെട്ടിടങ്ങളുടെ ആദ്യതവണ ഫിറ്റ്നസ് നൽകേണ്ടതും സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കേണ്ടതും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറാണെങ്കിലും തുടർന്ന് ഫിറ്റ്നസ് നൽകുമ്പോൾ ആദ്യ തവണ ഫീസ് അടച്ചു എന്നത് ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 അനധികൃത കെട്ടിടങ്ങളിലെ സ്കൂളുകൾ

നഗരസഭയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ നഗരസഭയിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | നഗരസഭയിൽ നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ |
|---|---|---|
| PPMHSS കൊട്ടുകര HS&HSS | 15/542 -Ground Floor (210 SqM)<br>15/543 -Ground Floor (290 SqM)<br>15/544 -First Floor (210 SqM)<br>15/545 -Ground Floor (320 SqM)<br>15/546 -Ground Floor (340 SqM)<br>15/547 -Ground Floor (290 SqM)<br>15/548 -Ground Floor (360 SqM)<br>15/549 -Ground Floor (315 SqM)<br>15/550 -First Floor (315 SqM)<br>15/551 -Second Floor (315 SqM)<br>15/552 -Ground Floor (190 SqM)<br>15/553 -Second Floor (210 SqM)<br>ആകെ - 3365 SqM<br>(നെടിയിരുപ്പ് മുസ്‌ലിം എജ്യുകേഷനൽ അസോസിയേഷൻ എന്ന പേരിലാണ് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിരിക്കുന്നത് ) | A Block - ആകെ 9 ക്ലാസ്സ് മുറികൾ ഉള്ള 3 നില കെട്ടിടം (G.F&S)- 436.56 SqM<br>B Block - ആകെ 4 ക്ലാസ്സ് മുറികൾ ഉള്ള 3 നില കെട്ടിടം (G.F&S)- 272.16 SqM<br>C Block - ആകെ 15 ക്ലാസ്സ് മുറികൾ ഉള്ള 4നില കെട്ടിടം (C,G.F&S)- 624.64 SqM<br>D Block- ആകെ 4 ക്ലാസ്സ് മുറികൾ ഉള്ള 2 നില കെട്ടിടം (G&F)- 263.2 SqM<br>E Block - ആകെ 3 ക്ലാസ്സ് മുറികൾ ഉള്ള 1 നില കെട്ടിടം (G.)- 120.32 SqM<br>F Block- ആകെ 12 ക്ലാസ്സ് മുറികൾ ഉള്ള 3 നില കെട്ടിടം (G.F&S)- 557.92 SqM<br>G Block- ആകെ 18 ക്ലാസ്സ് മുറികൾ ഉള്ള 5 നില കെട്ടിടം (C,G.F,S&T)- 871.2 SqM<br>H Block- ആകെ 6 ക്ലാസ്സ് മുറികൾ ഉള്ള 2 നില കെട്ടിടം (G.&F)- 299.6 SqM<br>I Block- ആകെ 3 ക്ലാസ്സ് മുറികൾ ഉള്ള 3 നില കെട്ടിടം (G.F&S)- 138.24 SqM<br>J Block - ആകെ 12 ക്ലാസ്സ് മുറികൾ ഉള്ള 3 നില കെട്ടിടം (G.F&S)- 871.68 SqM<br>ഹയർസെക്കണ്ടറിയുടെ നാല് നില കെട്ടിടം |
| EMEA HSS കൊണ്ടോട്ടി | 3/373 A - Ground Floor( 420 SqM)<br>3/373 B - Ground Floor( 302.25 SqM) &<br>FirstFloor ( 302.25 SqM) | 1) ഓരോ നിലയിലും 8 ക്ലാസ്സ് മുറികൾ വീതമുള്ള 3 നില കെട്ടിടം (G.F&S)- HS<br>2) 3 ക്ലാസ്സ് മുറികൾ ഉള്ള ഒരു നില കെട്ടിടം - HS<br>3) ഓരോ നിലയിലും 2 ക്ലാസ്സ് മുറികൾ വീതമുള്ള 2നില കെട്ടിടം (G&F)- HS<br>4) ആകെ 33 ക്ലാസ്സ് മുറികൾ ഉള്ള 3 നില |

| | | |
|---|---|---|
| | | കെട്ടിടം (G.F&S)- HSS |

നഗരസഭയിലെ പ്രമുഖമായ രണ്ട് എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷഅടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് നഗരസഭയുടെ നമ്പർ ലഭിക്കാത്ത കെട്ടിടങ്ങൾ ഈ സ്ഥാപനങ്ങളിൽ ഉണ്ട് എന്ന് വ്യക്തമായത്.

I- PPMHSS കൊട്ടുകര എന്ന സ്കൂളിൽ ഒരു അഞ്ച് നിലകെട്ടിടം, 2 നാല് നില കെട്ടിടങ്ങൾ, 5 മൂന്ന് നില കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടെ 11 വ്യത്യസ്ത കെട്ടിടങ്ങൾ ഉള്ളതായാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പമുള്ള Drawing ൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ നഗരസഭയിൽ നിന്ന് നമ്പർ നൽകപ്പെട്ടത് 2 മൂന്ന് നില കെട്ടിടം ഉൾപ്പെടെ ആകെ 8 കെട്ടിടങ്ങൾക്കാണ്.

നഗരസഭയിൽ നിന്ന് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് മുകളിലും, പുതുതായും ധാരാളം നിർമ്മാണങ്ങൾ അനധികൃതമായി പ്രസ്തുത സ്കൂളിൽ നടത്തിയിട്ടുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു.

II- ആകെ ഒരു നിലയുള്ള ഓടിട്ട കെട്ടിടത്തിനും, രണ്ട് നിലയുള്ള കോൺക്രീറ്റ് കെട്ടിടത്തിനും മാത്രം നമ്പർ നേടിയ EMEA സ്കൂൾ രണ്ട് മൂന്ന് നില കെട്ടിടം ഉൾപ്പെടെ ആകെ 4 വിവിധ കെട്ടിടങ്ങൾക്കാണ് ഫിറ്റ്നസിന് അപേക്ഷിച്ചിരിക്കുന്നത്.

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിക്കപ്പെട്ടതാണോ എന്നത് ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പ് വരുത്തേണ്ടതായിരുന്നു. ഇത്തരത്തിലുള്ള പരിശോധനകളൊന്നും നടത്താതെ പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയാണ് ചെയ്തത്.

നഗരസഭയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം 8/21.10.21ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 അധികം നൽകിയ ₹ 33874 തിരിച്ചടച്ചു.

2019-20 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനിയർ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക്/ കൺവീനർക്ക് അർഹമായതിലും അധികം നൽകിയ ₹ 33874 ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് നഗരസഭയിൽ തിരിച്ചടവാക്കി.

| പ്രവൃത്തി | അടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| മുല്ലപ്പള്ളി സ്കൂൾ ഫുട്പാത്ത് കോൺക്രീറ്റ് (368/20) | 4405 | 017121020107334/22.11.2021 |
| പൊയിലിക്കാവ് റോഡ് കോൺക്രീറ്റ് (312/20) | 4619 | 017121020106696/05.11.2021 |
| കിഴക്കെ ചുങ്കം അംഗൻവാടി മെയിന്റനൻസ് (398/20) | 4888 | 017121020107539/25.11.2021 |
| കുന്നത്ത് പറമ്പ്അംഗൻവാടി മീറ്റിംഗ്ഹാൾ . (337/20) | 10031 | 017121020107540/25.11.2021 |
| നമ്പോലംകുന്ന് അംഗൻവാടി പുനരുദ്ധാരണം (357/20) | 5710 | 017121020106958/09.11.2021 |
| SC അംഗൻവാടി അറ്റകുറ്റപ്പണി. (344/20) | 1758 | 017121020107189/16.11.2021 |
| മൂച്ചിക്കുണ്ട് അംഗൻവാടി അറ്റകുറ്റപ്പണി . (354/20) | 2463 | 017121020106585/01.11.2021 |

## 1-30 പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘിപ്പിക്കൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing Etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടെ 9 മാസംവരെ പ്രവൃത്തി പൂർത്തീകരണ കാലയളവ് നൽകിയിരിക്കുന്നു. ഇത്തരത്തിൽ വളരെ ദീർഘമായ പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചു നൽകുന്നത്മൂലം പ്രവൃത്തികൾ നിശ്ചിത സാമ്പത്തിക വർഷം പൂർത്തീകരിക്കാതെ അടുത്ത വർഷത്തേക്ക് നീളുന്നതിനും ഇതുവഴി നഗരസഭ ഫണ്ട് ലാപ്സ് ആകുന്നതിനും ഇടവരുത്തുന്നു.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പിഴ ഈടാക്കിയില്ല - ₹ 26205 നഷ്ടം

മരാമത്ത് പ്രവൃത്തികൾ നിശ്ചയിച്ച സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും ,തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണെന്ന് എന്ന് പ്രവൃത്തിയുടെ കരാറിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| മാതംകുഴി GMLPS റോഡ് കോൺക്രീറ്റ് ( 413/20)<br>Est No- 2018/36774<br>TS – 18996/2018-19 Dt 23.05.2018<br>₹ 250000 (Cl – 37.25%)<br>പൂർത്തീകരണകാലയളവ്-6 മാസം<br>കരാറുകാരൻ- ശ്രീ KK അബ്ദുൽ റസാഖ്.<br>കരാർ - 75/AE/LSGD/KDY/18-19 Dt.06.08.2018 ( എസ്റ്റിമേറ്റ് നിരക്ക്) | 05.02.2019 | 21.12.2019 | വൈകിയത് - 10 മാസം 16 ദിവസം.<br>ഈടാക്കേണ്ട പിഴ - 14941<br>ഈടാക്കിയത് - 6645<br>ബാക്കി - 8296<br>[06.02.2019 To 05.05.2019 – 2481<br>06.05.2019 To |

| | | | |
|---|---|---|---|
| PAC - 248079<br>M Book – 84/19/20 Dt 29.08.19<br>പ്രവൃത്തി തുടങ്ങിയത്- 17.09.2019<br>പൂർത്തീകരിച്ചത്- 21.12.2019<br>ചെലവ് –210541 (Vr No 21901772/31.03.20) | | | 05.08.2019 – 4962<br>06.08.2019 To 05.11.2019 – 4962<br>06.11.2019 To 21.12.2019 - 2536 |
| നയാബസാർ പുതുകുളം ചെവിടിയിൽ റീടാറിംഗ് ( 369/20)<br>Est No- 2017/113728<br>TS – 76891/2017-18 Dt 10.10.2017<br>₹ 200000 (CI – 37.25%)<br>പൂർത്തീകരണകാലയളവ്-3 മാസം<br>കരാറുകാരൻ- ശ്രീ കുട്ടിരായിൻ<br>കരാർ - 7/AE/LSGD/KDY/18-19 Dt.12.04.2018 ( 0.01% Below)<br>PAC - 194317<br>M Book – 188/18-19 Dt 23.07.18<br>പ്രവൃത്തി തുടങ്ങിയത്- 27.02.2019<br>പൂർത്തീകരിച്ചത്- 14.03.2019<br>ചെലവ് – 166138 (19151047002100046561/17.04.2019 | 11.07.2018 | 14.03.2019 | വൈകിയത് - 8 മാസം 3 ദിവസം.<br>ഈടാക്കേണ്ട പിഴ - 8506<br>[12.07.2018 To 11.10.2018 – 1943<br>12.10.2018 To 11.01.2019 – 3886<br>12.01.2019 To 14.03.2019 – 2677 |
| കളത്തിങ്ങൽ പഴയങ്ങാടി റോഡ് കോൺക്രീറ്റ് ( 367/20)<br>Est No- 2017/113451<br>TS – 64715/2017-18 Dt 18.08.2017<br>₹ 200000 (CI – 40.2%)<br>പൂർത്തീകരണകാലയളവ്-3 മാസം<br>കരാറുകാരൻ- ശ്രീ മിഖ്ദാദ് AT<br>കരാർ - 125/AE/LSGD/KDY/17-18 Dt.14.02.2018 ( 17.28 % Below)<br>PAC - 164000<br>M Book – 106/18-19 Dt 23.07.18<br>പ്രവൃത്തി തുടങ്ങിയത്- 01.01.2019<br>പൂർത്തീകരിച്ചത്- 18.03.2019<br>ചെലവ് –147808 (19151047002100193431/01.06.2019 | 13.05.2018 | 18.03.2019 | വൈകിയത് - 10 മാസം 5 ദിവസം.<br>ഈടാക്കേണ്ട പിഴ - 9403<br>[14.05.2018 To 13.08.2018 – 1640<br>14.08.2018 To 13.11.2018 – 3280<br>14.11.2018 To 13.02.2019 – 3280<br>14.02.2019 To 18.03.2019 – 1203] |

പിഴ ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന തുക ഉത്തരവാദികളായ കരാറുകാരിൽ നിന്നോ പിഴ ഈടാക്കാതെ പണം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി നഗരസഭാഫണ്ടിൽ അടക്കേണ്ടതാണ്.

## 1-32 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ നഗരസഭക്ക് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ നഗരസഭ തുകയൊന്നും ഈടാക്കിയിട്ടില്ല. നഗരസഭക്ക് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

## 1-33 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത്1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

നഗരസഭയിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളില് മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. മുനിസിപ്പൽ എഞ്ചിനിയർ സാക്ഷ്യപ്പെടാുത്താത്ത തിരുത്തലുകൾ ഏതാനും പ്രവൃത്തി ടെണ്ടറുകളിൽ കാണപ്പെട്ടു.

ടെണ്ടർ നടപടികൾ ചട്ടത്തിലെ നിർദ്ദേശത്തിനനുസരിച്ച് പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

മുനിസിപ്പൽ എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല .

2019-20 വർഷത്തിൽ നഗരസഭയിൽമുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 343 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 142 പ്രൊജക്ടുകളിലായി ആകെ 34134612 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 343 | ആകെ അടങ്കൽ | 106358258 |
| നടപ്പിലാക്കിയത് | 142 | ചെലവ് | 34134612 |
| ശതമാനം | 41.40 | ചെലവ് ശതമാനം | 32.10 |

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

നഗരസഭകളിൽ പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭയിൽ

തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു .

2019-20 വർഷത്തിൽ നഗരസഭയിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൽ നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തേണ്ടതാണ്.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസബയിൽ ഇവ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൽ ചേർക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് വിവിധ കരാറുകാർ സമർപ്പിച്ച പെർഫോമൻസ് ഗ്യാരണ്ടി, അഡീഷനൽ പെർഫോമൻസ് ഗ്യാരണ്ടി എന്നിവയുടെ വിവരം രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.

ഡെപ്പോസിറ്റിന്റെ എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ട പ്രസ്തുത രജിസ്റ്ററിൽ പ്രവൃത്തിയുടെ പെർഫോമൻസ് ഗ്യാരണ്ടി കാലയളവ് ുൾപ്പെടെ രേഖപ്പെടുത്തേണ്ടതും ഡെപ്പോസിറ്റ് തിരികെ നൽകുമ്പോൾ അക്കാര്യവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ സൂക്ഷിച്ചുവരുന്ന രജിസ്റ്ററിൽ ഡെപ്പോസിറ്റ് സംബന്ധിച്ച് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പ്രിൻസിപ്പൽ നടപ്പാക്കിയ പ്രൊജക്ട് - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിൽ പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ് കൊണ്ടോട്ടി നിർവഹണ ഉദ്യോഗസ്ഥനായി 11 പ്രൊജക്ടുകളാണ് വിഭാവനം ചെയ്ത് അംഗീകാരം നേടിയതെങ്കിലും 2 പ്രൊജക്ടുകൾ മാത്രമാണ് നിർവഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രിൻസിപ്പൽ നടപ്പാക്കിയത് 1. കേരളോത്സവം (പ്രൊജക്ട് നമ്പർ, പേര് : 176/20, തുക 150000) 2. ജി.ഡബ്ല്യു. യു.പി സ്കൂളിൽ പ്രഭാത ഭക്ഷണം (പ്രൊജക്ട് നമ്പർ, പേര് : 190/20, തുക 190653). 46,01,669 രൂപ ആകെ അടങ്കൽ തുകയായി വകയിരുത്തിയെങ്കിലും, 3,64,048 രൂപ മാത്രമാണ് തൻ വർഷം ചെലവഴിച്ചത്. (7.91 ശതമാനം) 2019-20 വർഷ ഓഡിറ്റിന്റെ ഭാഗമായി ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ട്രഷറി ബിൽ ബുക്ക്, ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നീ രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയില്ല.

കേരളോത്സവം എന്ന പ്രൊജക്ടിന്റെ ഭാഗമായി ലഭ്യമാക്കിയ രേഖകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

<table>
<tr><td>പ്രൊജക്ട് നമ്പർ, പേര് :</td><td colspan="2">176/20, കേരളോത്സവം</td></tr>
<tr><td>അടങ്കൽ</td><td colspan="2">1500000</td></tr>
<tr><td>തുക</td><td colspan="2">150000 (തനത് ഫണ്ട്)</td></tr>
<tr><td>വൗച്ചർ നമ്പർ/തിയ്യതി</td><td>21900866/11.11.2019 – 30000 രൂപ</td><td rowspan="3">ചെലവ് പത്രിക പ്രകാരം 2019-20 ൽ ഈ ഇനത്തിലെ ആകെ ചെലവ് 150000 രൂപ</td></tr>
<tr><td>വൗച്ചർ നമ്പർ/തിയ്യതി</td><td>21901359/10.01.2020 – 3950 രൂപ</td></tr>
<tr><td>വൗച്ചർ നമ്പർ/തിയ്യതി</td><td>22000026/17.04.2020 – 116050 രൂപ</td></tr>
</table>

1. വൗച്ചർ നമ്പർ 21900866/11.11.2019 പ്രകാരമുള്ള 30000 രൂപയുടെ ചെലവ് അനുബന്ധ രേഖകളായി

ഹാജരാക്കിരിക്കുന്നത് 8700 രൂപയുടെ വൗച്ചർ പകർപ്പുകളാണ്. അവശേഷിക്കുന്ന 21300 രൂപയുടെ വൗച്ചർ/ബിൽ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

2. വൗച്ചർ നമ്പർ 21901359/10.01.2020 പ്രകാരമുള്ള 3950 രൂപയുടെ ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/2019-20 തി: 29.10.2021) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാക്കാനവശേഷിക്കുന്ന 25250 രൂപയുടെ (21300+3950) ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കൊണ്ടോട്ടി)

പ്രൊജക്ട് നമ്പർ, പേര് : 195/20, പരിരക്ഷ

അടങ്കൽ : 1000000

ചെലവ് തുക : 871068 (വികസന ഫണ്ട് ജനറൽ)

മേൽ പരിരക്ഷ പ്രോജക്റ്റിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി 200000 രൂപ പിൻവലിച്ച് തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. (ബിൽ നമ്പർ : 17/30.03.2020) മുൻകൂർ നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നമ്പർ | PRF 3935/18.01.2020 | PRF 3955/21.01.2020 |
|---|---|---|
| മുൻകൂർ നൽകിയ തുക | 100000 രൂപ | 100000 രൂപ |
| ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ - തുക) | 2463/17.06.2021 - 4026 | 2469/17.06.2021 - 23046 |
| | 2464/17.06.2021 - 11858 | 2470/17.06.2021 - 15262 |
| | 2466/17.06.2021 - 33928 | 2471/1.06.2021 - 4026 |
| | 2966/26.06.2021 - 1744 | 3277/02.07.2021 - 13083 |
| | 3276/02.07.2021 - 7851 | |
| | 4330/30.07.2021 - 3055 | |
| | 7120/08.10.2021 - 5533 | |
| ആകെ ലഭ്യമായ മരുന്നുകളുടെ തുക | 67995 | 55417 |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | 32005 | 44583 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2019-20 തി: 28.10.2021) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ഒരുമാസത്തിനകം എത്തിച്ചുതരാമെന്ന് KMCL അറിയിച്ചതായി പരാമർശിച്ചിട്ടുണ്ട്. ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. പ്രൊജക്ട് നമ്പർ, പേര് : 166/20, അംഗൻവാടി പോഷകാഹാരം (ജനറൽ)

അടങ്കൽ : 5500000

തുക : 5315133 (വികസന ഫണ്ട് ജനറൽ - 2945245, തനത് ഫണ്ട് - 2369888)

2. പ്രൊജക്റ്റ് നമ്പർ, പേര് : 172/20, അംഗൻവാടി പോഷകാഹാരം (എസ് സി പി)

അടങ്കൽ : 1500000

തുക : 994304 (വികസന ഫണ്ട് എസ് സി പി)

മേൽ പ്രോജക്റ്റുകൾ പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ, അംഗൻവാടി കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പ്രശാന്തി ന്യൂട്രിമിക്സ്, പുളിക്കൽ, അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്, കണ്ണമംഗലം എന്നീ സ്ഥാപനങ്ങളിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയതിന് 2853746 രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ 2% ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | തുക | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് 2% | ബിൽ ,വൗച്ചർ, ചെക്ക് നമ്പർ/തിയ്യതി | ന്യൂട്രിമിക്സ് യൂണിറ്റ് |
|---|---|---|---|---|---|---|
| 1 | 58/28.03.2019 | 100110 | 5004 | 2002 | 03/19.08.2019 | പ്രശാന്തി ന്യൂട്രിമിക്സ്, പുളിക്കൽ |
| 2 | 59/30.03.2019 | 154395 | 7718 | 3088 | | |
| 3 | 6/15.05.2019 | 97290 | 4864 | 1946 | 03/19.08.2019 | അന്നപൂർണ്ണ ന്യൂട്രിമിക്സ് യൂണിറ്റ്, കണ്ണമംഗലം |
| 4 | 7/18.05.2019 | 70147 | 3506 | 1403 | | |
| 5 | 10/15.06.2019 | 80934 | 4046 | 1619 | | |
| 6 | 9/07.06.2019 | 81780 | 4089 | 1636 | | |
| 7 | 17/02.08.2019 | 93342 | 4667 | 1867 | 07/30.09.2019 | -ടി- |
| 8 | 20/28.08.2019 | 93095 | 4654 | 1862 | | |
| 9 | 39/19.12.2019 | 82026 | 4100 | 1641 | 11/27.12.2019 | -ടി- |
| 10 | 35/01.12.2019 | 123375 | 6168 | 2468 | | |
| 11 | 22/05.09.2019 | 96585 | 4829 | 1932 | 12/17.01.2020 | -ടി- |
| 12 | 26/30.09.2019 | 137721 | 6886 | 2754 | | |
| 13 | 28/09.10.2019 | 106455 | 5322 | 2129 | | |
| 14 | 30/22.10.2019 | 108605 | 5430 | 2172 | | |
| 15 | 34/20.11.2019 | 96232 | 4810 | 1925 | 5656994/19.12.2019 | -ടി- |
| 16 | 31/01.11.2019 | 115056 | 5752 | 2301 | | |
| 17 | 16/24.07.2019 | 124467 | 6223 | 2489 | 04/30.07.2019 | -ടി- |
| 18 | 13/04.07.2019 | 35602 | 1780 | 712 | | |
| 19 | 51/13.03.2020 | 98100 | 4905 | 1962 | 398958/27.03.2020 | -ടി- |
| 20 | 48/25.02.2020 | 203040 | 10152 | 4061 | | |
| 21 | 47/17.02.2020 | 147204 | 7360 | 2944 | 398956/10.03.2020 | -ടി- |
| 22 | 44/25.01.2020 | 136276 | 6813 | 2726 | | |
| 23 | 40/01.01.2020 | 127252 | 6362 | 2545 | 398954/13.02.2020 | -ടി- |
| 24 | 43/20.01.2020 | 145582 | 7279 | 2912 | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 2654671 | 132719 | 53096 | | |

- അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/2019-20 തി: 28.10.2021) മറുപടി ലഭ്യമാക്കിയില്ല. തുക നൽകിയ ന്യൂട്രിമിക്സ് യൂണിറ്റ് ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-38 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം ലഭ്യമല്ല

1). പ്രോജക്ട് : 292/20 കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ

അടങ്കൽ : 5045000/- ( Plan (Gen) 114580+ ധനകാര്യകമ്മീഷൻ അവാർഡ് 1286531 + തനത് ഫണ്ട് 3643889/-)

ചെലവ് : 2419773/-(736304/- (ധനകാര്യകമ്മീഷൻ അവാർഡ്)+

1683469/- (തനത്) )

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം നഗരസഭയുടെ വിവിധ വാർഡുകളിലേക്കായി പൈപ്പ് ലൈൻ നീട്ടുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ചെലവു പത്രിക പ്രകാരം മേൽ പ്രോജക്ടിനായി 19-20 വർഷത്തെ ചെലവ് 2419773/- രൂപയാണ്. എന്നാൽ 1959773/- രൂപയുടെ ചെലവിന്റെ വിവരമാണ് ലഭ്യമാക്കിയത്. ലഭ്യമാക്കിയ ഫയലുകൾ പ്രകാരമുള്ള ചെലവുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് (Specific) | 19-20 വർഷത്തിൽ അടവാക്കിയ തുക | ഫണ്ടിനം | ബിൽനമ്പർ/ ചെക്ക് നമ്പർ | തിയ്യതി |
|---|---|---|---|---|---|
| 1 | കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 5 | 736304 | ധനകാര്യ കമ്മീഷൻ | ബിൽ നമ്പർ 18/19-20 | 07.09.2019 |
| | | 183696 | തനത് | ചെക്ക് നമ്പർ 5656979 | 14.10.2019 |
| | | 40000 | തനത് | വൗച്ചർ നമ്പർ 21901585 | |
| 2 | ചേപ്പിലക്കുന്ന് മുണ്ടപ്പലം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ<br>(19-20,20-21 വർങ്ങളിലായി ചെലവ് 580000/-) | 474773 | തനത് | ചെക്ക് നമ്പർ JN1816342 | 27.03.2020 |
| 3 | കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 20 (19-20,20-21 വർങ്ങളിലായി ചെലവ് 570000/-) | 425000 | തനത് | ചെക്ക് നമ്പർ 10402 KSCB | 25.01.2020 |
| | | 1859773 | | | |

പ്രവർത്തികൾ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 560000/- രൂപയുടെ ചെലവ് വൗച്ചറുകൾ ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

3. മേൽ പ്രോജക്ടിന്റെ ഭാഗമായി ചെമ്പ്ര- മുസ്ലിയാരങ്ങാടി ഭാഗത്തേക്ക് ലൈൻ ദീർഘിപ്പിക്കുന്ന( വാർഡ് 19) തിനായി 600000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക 20-21 ലെ ചെക്ക് നമ്പർ 469/17.04.2020 പ്രകാരമാണ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. ടി ഫയൽപരിശോധിച്ചതിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ഭാഗത്തേക്കുള്ള പൈപ്പ് ലൈൻ പൂർത്തീകരണം കിഫ്ബിയുടെ പ്രവൃത്തിയായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിനാൽ ആ ഭാഗത്തേക്കായി നിലവിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി ചെയ്യേണ്ടതില്ലെന്നും പകരം ടി തുക ഉപയോഗിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവർത്തിക്കിടെ ടാറിംഗ് നഷ്ടപ്പെട്ട മുസ്ലിയാരങ്ങാടി- ഒഴുകൂർ ഭാഗത്തെ റോഡിൽ 200 മീറ്ററോളം

നീളത്തിൽ കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കി നിർമ്മിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ട് 25.03.2021 ന് കേരള വാട്ടർ അതോറിറ്റിക്ക് (നമ്പർ പി 3/11561/19 ) കത്ത് നൽകിയിട്ടുണ്ട്.

സ്വന്തമായി എഞ്ചിനിയറിംഗ് വിഭാഗമുള്ള സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾഅതത് വിഭാഗം തന്നെയാണ് ചെയ്യുന്നത് എന്നിരിക്കെ റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് വാട്ടർ അതോറിക്ക് കത്ത് നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്റ്റ് നം. 283/20 വട്ടപ്പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ എടുക്കുന്നതിന് വേണ്ടി ഡെപ്പോസിറ്റ് ചെയ്യൽ
അടങ്കൽ: 400000/-
ചെലവ്: 100000/- ( 20-21വർഷത്തിൽ ബാലൻസ് 300000/- രൂപയും ചെലവഴിച്ചിട്ടുണ്ട് )
ചെക്ക് നം. 011496/13-03-20
പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

മേൽ അപാകതകൾകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/19-20/20.10.2021) മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിഗണനക്ക് യോഗ്യമല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1. ക്രമനമ്പർ 1ആയി കാണിച്ച അപകതക്ക് വൗച്ചറുകൾ ലഭ്യമാക്കുന്നു എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് നടന്നിട്ടില്ലെന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

2. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാക്കുന്നതിന് വാട്ടർഅതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പൂർത്തീകരണ വിവരം ലഭ്യമാവുന്നതു വരെ ചെലവു തുക 1959773/- രൂപ തടസ്സം ചെയ്യുന്നു.

3. ക്രമനമ്പർ 3 അപാകതക്ക് ബഹു. ചെയർപേഴ്സന്റെ നിർദ്ദേശ പ്രകാരമാണ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തിക്കായി നിക്ഷേപിച്ച 600000/- രൂപ റോഡ് റീ ടാറിംഗിനായി വാട്ടർ അതോറിറ്റിയിൽ തന്നെ നിലനിർത്തിയതെന്നാണ് അറിയിച്ചത്. എന്നാൽ ആയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. നഗരസഭക്ക് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ റീടാറിംഗിന് കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയത് ശരിയായ നടപടിയല്ല. തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വികരിക്കേണ്ടതാണ്.

## 1-39 ഉപകരണങ്ങൾ വാങ്ങി - സ്റ്റോക്ക് രേഖപ്പെടുത്തിയില്ല

2019-20 വർഷത്തിൽ താഴെ പറയുന്ന തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം ഡെസ്ക്ടോപ്പ്,പ്രിന്റർ , ഏ.സി എന്നിവ പർച്ചേസ് ചെയ്യതിന് സെക്രട്ടറി തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 21900753/10.10.2019 | 68000 | മുനിസിപ്പൽ ഓഫീസിലേക്ക് 2 ഏസി കൾ വാങ്ങിയതിന് കല്പക ബസാർ എന്ന സ്ഥാപനത്തിന് നൽകിയ തുക. |
| 2. | 21900807/29.10.2019 | 78010 | മുനിസിപ്പൽ ഓഫീസിലേക്ക് സ്കൂട്ടർ വാങ്ങിയതിന് Mooppan Automobiles ന നൽകിയ തുക |
| 3. | 21901563/26.02.2020 | 48500 | ഡെസ്ക്ടോപ്പ്, പ്രിന്റർ ,കീബോർഡ് , മൗസ് എന്നിവ ഇലക്ഷൻ ആവശ്യത്തിന് പർച്ചേസ് ചെയ്യതിന് Sysin Technologies എന്ന സ്ഥാപനത്തിന് നൽകിയ തുക. |
| | | 194510 | |

മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/ *2019-20* / 30.10.2021 )മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി ചെയ്യേണ്ട കണ്ടിജൻസി ചെലവുകളിൽ പെടാത്ത എ.സി. വാങ്ങൽ, സ്കൂട്ടർ വാങ്ങൽ,

എന്നിവക്ക് പ്രൊജക്ട് തയ്യാറാക്കാതെയാണ് തുക ചെലവു ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള വാങ്ങൽ നടപടികൾ പ്രൊജക്ട് രൂപീകരിച്ച് ചെയ്യേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതു വരെ ചെലവു തുക 194510/- രൂപ തടസ്സം ചെയ്യുന്നു.

## 1-40 KSEB ഡെപ്പോസിറ്റ് - പൂർത്തീകരണ വിവരം ലഭ്യമല്ല

2019-20 വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും കെ എസ് ഇ ബി കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷന് മുനിസിപ്പൽ സെക്രട്ടറി പണം മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.
വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 21900287/15.06.2019 | 29974 | For Shifting Electrical Post For Kuzhumkund Blockoffice Road Maintanance Work |
| 2. | 21901350/06.01.2020 | 303798 | For Shifting Electrical Post At Pazhayangadi PWD Road |
| 3. | 21901517/14.02.2020 | 34364 | For Shifting Electrical Post For Machiyamkunnu Cholakkal Road Work |
| | | 368136 | |

ക്രമനം. 2 പ്രകാരമുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ പ്രവൃത്തി പഴയങ്ങാടി പി.ഡബ്ല്യു.ഡി റോഡിലെ ഇലക്ട്രിക് പൊസ്റ്റ് മാറ്റി വെക്കുന്നതിനാണ്. മുനിസിപ്പാലിറ്റിയുടെ അധികാര പരിധിയിൽ പെടാത്ത പി.ഡബ്ല്യു.ഡി. റോഡിലെ പോസ്റ്റുകൾ മാറ്റിവെക്കുന്നതിന് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33 /2019-20 / 28.10.2021) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 368136/- രൂപ തടസ്സം ചെയ്യുന്നു.

## 1-41 ദിവസ വേതനം - അധിക തുക നൽകി

നഗരസഭാ കാര്യാലയത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള താഴെ പറയുന്ന ജീവനക്കാർക്ക് 3/19 മാസത്തിൽ താഴെ പറയും പ്രകാരം വേതനം അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് | തസ്തിക | മാസം | അനുവദിച്ച വേതനം | ധനകാര്യ (വ്യയം - സി) വകുപ്പിന്റെ 21.07.2018 ലെ സ.ഉ (അച്ചടി) നം.112/2018/ധന ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന പരമാവധി വേതനം | അധികം നൽകിയ തുക | വൗച്ചർ നമ്പർ / തിയ്യതി |
|---|---|---|---|---|---|---|
| ശ്രീമതി മിനി | OA | 03/2019 | 18060 (28 X 645) | 17420 | 640 | 21900001/02.04.2019 |
| ശ്രീ സുബ്രഹ്മണ്യൻ | OA | 03/2019 | 18060 (28 X 645) | 17420 | 640 | 21900005/02.04.2019 |

വേതനമിനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നു കാണിച്ച്നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34 /2019-20 / 28. 10.2021 ) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി

വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-42 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

നഗര സഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന താഴെ പറയുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണകുടിശ്ശിക ഇനത്തിലും ഇൻക്രിമെന്റ് അരിയർ ഇനത്തിലും താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ജീവനക്കാരൻ | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| ശ്രീമതി ഹാഫിസ കെ, ക്ലർക്ക് | 21900098/06.05.2019 | 38769 | ശമ്പള പരിഷ്കരണം 1,2,3 ഗഡുക്കൾ |
| | 21900099/06.05.2019 | 11138 | ശമ്പള പരിഷ്കരണം 4 ാം ഗഡു |
| ശ്രീ അബ്ദുസമദ് കൊടക്കാടൻ, ക്ലർക്ക് | 219001439/29.01.2020 | 34117 | നവംബർ 2017 മുതൽ ഒക്ടോബർ 2019 വരെയുള്ള ശമ്പള അരിയർ തുക |
| ശ്രീമതി മഞ്ജുള എം. പി , ഓഫീസ് അറ്റന്റന്റ് | 21901440/29.01.2020 | 11800 | ആഗസ്റ്റ് 2018 മുതൽ ഒക്ടോബർ 2019 വരെയുള്ള ശമ്പള അരിയർ തുക |

ശമ്പള പരിഷ്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (28/19-20/26.10.2021, 47/2019-20 /30.10.2021) മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-43 PMAY- പദ്ധതി അവലോകനം

നഗരസഭയിൽ 2017-18 വർഷം മുതൽ നടപ്പാക്കി വരുന്ന പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിനായി 3 ഘട്ടങ്ങളിലായി മൊത്തം 1023 ഗുണഭോക്താക്കളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. ലഭ്യമായ രേഖകൾ പ്രകാരം കരാർ വെച്ച ഭവന നിർമ്മാണം ആരംഭിച്ചവർ, ഭവന നിർമ്മാണം പൂർത്തീകരിച്ചവർ , പൂർത്തീകരിക്കാൻ അവശേഷിക്കുന്നവർ എന്നിവരെ സംബന്ധിച്ച വിശദ വിവരം താഴെ ചേർക്കുന്നു.

| ഡി പി ആർ- ഘട്ടങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | കരാർ വെച്ചവരുടെ എണ്ണം | ആദ്യഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | ഗഡുക്കൾ കൈപ്പറ്റിയിട്ടും പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 439 | 432 | 432 | 432 | 417 | 377 | 55 |
| 2 | 181 | 181 | 181 | 173 | 157 | 148 | 33 |
| 3 | 403 | 401 | 401 | 372 | 367 | 237 | 164 |
| | 1023 | 1014 | 1014 | 978 | 941 | 762 | 252 |

ഇതു കൂടാതെ നാലാം ഡി പി ആർ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നുണ്ട്. മേൽ മൂന്ന ഘട്ടങ്ങളിലേക്കായി ലഭ്യമായ ഫണ്ടുകൾ താഴെ പറയും വിധമാണ്.

| ഡി | കേന്ദ്ര | സംസ്ഥാന | ഹഡ്കോ | ഗുണഭോക്തൃ | ആകെ |
|---|---|---|---|---|---|

| പി അർ | വിഹിതം | വിഹിതം | ലോൺ | വിഹിതം | |
|---|---|---|---|---|---|
| 1 | 62440000 | 21480000 | 21865000 | 10460000 | 116245000 |
| 2 | 25150000 | 9050000 | - | 510000 | 34710000 |
| 3 | 55810000 | 19270000 | 18000000 | - | 93080000 |

മേൽ പദ്ധതി പ്രകാരം 2019-20 ൽ 129560000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

2017-18 ൽ ആരംഭിച്ച ഭവന നിർമ്മാണം നാളിതു വരെയായി പൂർത്തീകരിക്കാത്ത ഗുണോക്താക്കൾ ഉണ്ട്. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരിച്ചീടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

PMAY- രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

PMAY ഭവന പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഭവന പദ്ധതിയിലെ ഓരോ ഗുണഭോക്താവിന്റെയും വിവരങ്ങൾ ഓരോ പേജിലായി രേഖപ്പെടുത്തേണ്ടതും ഭവന നിർമ്മാണത്തിന്റെ നിലവിലെ ഘട്ടവും നൽകിയ ഗഡുക്കളുടെ വിവരവും ഇതിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇത്തരം കാര്യങ്ങൾ വ്യക്തിഗത ഫയലിലാണ് സൂക്ഷിച്ചിരിക്കുന്നത്. പദ്ധതിക്കായി സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ ഓരോ ചെക്ക് പ്രകാരം മാറിയ തുകകൾ ആർക്കൊക്കെ വിതരണം ചെയ്തു എന്ന മാത്രമാണ് രേഖപ്പെടുത്തുന്നത്. ഓരോ ഗുണഭോക്താവിന്റെയും ഭവന നിർമ്മാണം വിലയിരുത്തുന്നതിനും ഭാവിയിൽ ഭവന പദ്ധതി പ്രകാരം തുക കൈപ്പറ്റിയവരുടെ വിവരം പരിശോധിക്കുന്നതിനും ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നതു പ്രയോജനപ്പെടും. *(ഓഡിറ്റ് എൻക്വയറി നമ്പർ 53/2019-20* / 01.11.2021)

## 1-44 വെള്ളക്കരം - അടവാക്കുന്നതിന് പിൻവലിച്ച തുക അടവാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തിൽ 142 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ മാസത്തിൽ 93294/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റിന്റെ അടിസ്ഥാനത്തിൽ അടവാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ബില്ല് പ്രകാരം അവകാശപ്പെടുന്ന 142 പൊതു ടാപ്പുകൾ പ്രവർത്തന ക്ഷമമാണോ എന്ന് സംയുക്ത പരിശോധന നടത്താതെയാണ് ഈ തുക ഓരോ മാസവും അടവാക്കിയിട്ടുള്ളത്.

2019 ഒക്ടോബർ മാസം വരെയുള്ള വെള്ളക്കരം കൃത്യമായി അടവാക്കിയിട്ടുണ്ട്. 2019 നവംബർ മാസം വെള്ളക്കരം അടവാക്കുന്നതിനായി വൗച്ചർ നമ്പർ 21900909തിയ്യതി 22.11.2019 (ചെക്ക് നമ്പർ000399/22.11.2019) പ്രകാരം പിൻവലിച്ച 93294/- രൂപ അടവാക്കിയതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ഇല്ല. മാത്രവുമല്ല 2019 ഡിസംബർ മാസം മുതൽ ഒരു മാസത്തെ വെള്ളക്കരം കുടിശ്ശികയായും ആയതിന്റെ പലിശയും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും നവംബർ മാസത്തെ വെള്ളക്കരം അടവാക്കുന്നതിനായി തുക പിൻവലിച്ചെങ്കിലും ആയത് അടവാക്കിയില്ലെന്ന് വ്യക്തമാവുന്നു. തുക അടവാക്കിയതിന്റെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/2019-20 / 01.11.2021) മറുപടി ലഭ്യമാക്കിയില്ല. പിൻവലിച്ചതുക വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കൈപ്പറ്റ രശീതി ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-45 ആയിരം വീട് ഭവനപദ്ധതി - നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ

നഗരസഭാ സെക്രട്ടറി നിർവ്വഹിച്ച പ്രോജക്റ്റ്നമ്പർ 380/20 (ആയിരം വീട് (ജനറൽ )), 471/20(ആയിരം വീട്( എസ് സി പി)) എന്നീ പ്രോജക്റ്റുകൾ മുൻവർഷത്തെ ഭവന നിർമ്മാണ പദ്ധതികളുടെ സ്പിൽ ഓവർ പദ്ധതികളാണ്. ഭവന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് 200000/- രൂപയും എസ് സി വിഭാഗത്തിന് 300000/- രൂപയും 5 ഗഡുക്കളായാണ് നൽകുന്നത്.ബാങ്ക് വായ്പ വഴിയാണ് ജനറൽ പ്രോജക്റ്റിന് തുക കണ്ടെത്തിയിട്ടുള്ളത്.വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | അടങ്കൽ തുക | ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 380/20 (ആയിരം വീട് (ജനറൽ ) | 8150000 | 1650000<br>(1475000- ചെക്ക് നമ്പർ 8393/26.07.2019)<br>(50000-9810/14.11.2019)<br>(50000-9840/04.12.2019)<br>(25000 – 10398/20.01.2020)<br>(25000- 10405/27.1.20)<br>(25000-1042/19.02.2020) | ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ |
| 2 | 471/20(ആയിരം വീട്(എസ് സി പി) | 2400000 | 1570000<br>(970000/-ബിൽ നം. 8/19-20/ 30.07.2019)<br>(60000 - 28/19-20/15.10.2019)<br>(190000/- - 29/19-20/07.11.2019)<br>(80000/- - 33/19-20/28.12.2019)<br>(240000/- 41/19-20/22.01.2020)<br>(30000/- 51/19-20/28.02.2020) | വികസനഫണ്ട് (എസ് സി പി) |

2019-20 വർഷത്തിൽ ഭവന നിർമ്മാണത്തിനായി കൊണ്ടോട്ടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സർക്കാർ അനുമതിയോട്ടു കൂടി 51ലക്ഷം രൂപ ലോൺ എടുത്തിട്ടുണ്ട്. വായ്പാ തുക 51 ലക്ഷം രൂപയിൽനിന്നും മുൻ ലോണിലേക്ക് (കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന്റെ സ്വാന്തനം ഭവന പദ്ധതി )അടവാക്കാനുള്ള 1275000 രൂപയും പലിശ ഇനത്തിലെ 3801/- രൂപയും ലോൺ ചാർജ്ജ് 1000/- രൂപയും കിഴിച്ച് 3820199/- രൂപയാണ് വായ്പ അനുവദിച്ചിട്ടുള്ളത് . 2017-18വർഷത്തിലാണ് ആയിരം വീട് പദ്ധതി ആരംഭിച്ചത് പദ്ധതിക്കായി സൂക്ഷിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതു വരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ജനറൽ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതു വരെ കൈപ്പറ്റിയ തുക | കൈപ്പറ്റാനവശേഷിക്കുന്ന തുക | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
| 1 | അബ്ദുസ്സലാം അച്ചകൊമ്പൻ | 175000 | 25000 | 27.07.2019 |
| 2 | റംലാബി നാലകത്ത് | 175000 | 25000 | 27.07.2019 |
| 3 | ആയിഷാബി വടംക്കം പിലാക്കൻ | 175000 | 25000 | 27.07.2019 |
| 4 | മനോജ് ചിങ്ങത്ത് | 25000 | 175000 | 24.11.2017 |
| എസ് സി പി | | | | |
| 1 | ചെമ്പ്രക്കാടൻ രാജൻ | 270000 | 30000 | 12.11.2019 |
| 2 | മണികണ്ഠൻ കെ.കെ | 110000 | 190000 | 11.12.2019 |
| 3 | രാജൻ പള്ളിയാളി | 270000 | 30000 | 29.09.2020 |
| 4 | ഇ.കുട്ടൻ | 270000 | 30000 | 27.07.2019 |
| 5 | ഈങ്ങോടൻ താമിക്കുട്ടി | 190000 | 110000 | 24.09.2020 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴവൻ തുക കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 06 /2019-20/21.10.2021).

## 1-46 കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - ഡെസ്ക്ടോപ്പിന് അധിക തുക ഈടാക്കി- പ്രിന്ററുകൾ ലഭ്യമായില്ല.

പ്രൊജക്ട് : 377/20 മുനിസിപ്പാലിറ്റി ഓഫീസിലേക്ക് കമ്പ്യൂട്ടർ , പ്രിന്റർ, സ്കാനർ.

അടങ്കൽ : 372546/- (തനത്)

ചെലവ് : 299678/- (ചെക്ക്നമ്പർ 1226650/28.02.20)

മേൽ പ്രൊജക്ട് പ്രകാരം മുനിസിപ്പാലിറ്റിയിലേക്ക് 6 ഡെസ്ക്ടോപ്പുകളും 4 പ്രിന്ററുകളും Cpcrsവഴി വാങ്ങുന്നതിനായി കെല്ട്രോണിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | Proforma Invoice No &Date | തുക |
|---|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് | 6 | TVM/TBG/PI/RC/16170/19-20/ 27.02.2020 | 240774 |
| 2 | പ്രിന്റർ | 4 | TVM/TBG/PI/RC/16170/19-20/ 27.02.2020 | 58904 |
| | | | TOTAL | 299678 |

25.01.2021 ലെ ഇൻവോയ്സ് നമ്പർ PYSI20041125 പ്രകാരം ഡെസ്ക്ടോപ്പുകൾ ലഭ്യമാക്കിയെങ്കിലും പ്രിന്റർ നാളിതു വരെയായി കിട്ടിയിട്ടില്ല. ഡെസ്ക്ടോപ്പുകൾ ലഭ്യമാക്കിയപ്പോൾ ആയതിന്റെ വില 231689.64 രൂപ ആണ് ബിൽ പ്രകാരം ഉള്ളത് . ഈ ഇനത്തിൽ അധികം നൽകിയ തുക 9084.36/- രൂപ (240774-231689.64) കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രിന്ററുകൾക്കായി 58904/- രൂപ മുൻകൂർ അടവാക്കിയെങ്കിലും നാളിതുവരെ പ്രിന്ററുകൾ ലഭ്യമായിട്ടില്ല. പ്രിന്ററുകൾ ലഭ്യമാക്കുന്നതനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2019-20/23.10.2021) അധികം നൽകിയ തുക തിരികെ ലഭിക്കുന്നതിനും , പ്രിന്റർ ലഭ്യമാക്കുന്നതിനും കെൽട്രോണിന് കത്ത് നൽകുന്നതാണെന്ന മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ചവിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 67988/-( 9084+58904) തടസ്സം ചെയ്യുന്നു.

## 1-47 കുടിവെള്ള വിതരണം- ചെലവ് 16 ലക്ഷം- വിതരണ രേഖകൾ ലഭ്യമല്ല

2019-20 വർഷത്തിൽ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി താഴെ പറയും പ്രകാരം തുകചെലവഴിച്ചതായി കണ്ടു. വൗച്ചറുകളിൽ വണ്ടികളുടെ ട്രിപ്പ് ഷീറ്റ് മാത്രമാണ് ഉള്ളത്. എല്ലാ വാർഡുകളിലും 40000/- രൂപ ആണ് നൽകിയത്. ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം വിവിധ വാർഡുകളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവ് വ്യത്യസ്തമാണ്. തുക നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല. കുടിവെള്ളം വിതരണം ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, കുടിവെള്ളം വിതരണം ചെയ്ത വണ്ടികളിൽ ജിപിഎസ് ഘടിപ്പിച്ചതിന്റെ വിവരം എന്നിവയൊന്നും ലഭ്യമാക്കിയില്ല.

| വൗച്ചർ നമ്പർ/തിയ്യതി | തുക | വാർഡ് | വിതരണം ചെയ്ത ട്രിപ്പുകൾ | നൽകിയ ആളുടെ പേര് |
|---|---|---|---|---|
| 21900180/28.05.2019 | 40000 | 5 | 42 | ശ്രീ അബ്ദുറഹ്മാൻ കെ പി |
| 21900266/11.06.2019 | 40000 | 30 | 90 | ശ്രീ. മുഹമ്മദ് ബഷീർ |
| 21900267/11.06.2019 | 40000 | 8 | 37 | ശ്രീ മുന്നാസ് |
| 21900268/11.06.2019 | 40000 | 1 | 34 | ശ്രീ മുന്നാസ് |
| 21900269/11.06.2019 | 40000 | 32 | 81 | ശ്രീ മുന്നാസ് .പി |
| 21900270/11.06.2019 | 40000 | 12 | 42 | ശ്രീ മുന്നാസ്.പി |
| 21900277/13.06.2019 | 40000 | 31 | 126 | ശ്രീ സുഹൈറുദ്ദീൻ |
| 21900278/13.06.2019 | 40000 | 6 | 101 | ശ്രീ നാസർ എം |
| 21900279/13.06.2019 | 40000 | 7 | 53 | ശ്രീ നാസർ എം |
| 21900280/13.06.2019 | 40000 | 28 | 104 | ശ്രീ ദിലീപ് കെ |
| 21900304/20.06.2019 | 40000 | 15 | 50 | ശ്രീ മൊയ്തീൻകുട്ടി |

| | | | | |
|---|---|---|---|---|
| 21900305/20.06.2019 | 40000 | 40 | 34 | ശ്രീ മുന്നാസ്.പി |
| 21900306/20.06.2019 | 40000 | 13 | 132 | ശ്രീ അബ്ദുൾ മജീദ് |
| 21900307/20.06.2019 | 40000 | 37 | 48 | ശ്രീ അബ്ദുൾ റഷീദ് പി |
| 21900308/20.06.2019 | 40000 | 35 | 35 | ശ്രീ അബ്ദുൾ റഷീദ് പി |
| 21900309/20.06.2019 | 40000 | 9 | 36 | ശ്രീ മുന്നാസ്.പി |
| 21900310/20.06.2019 | 40000 | 38 | 51 | ശ്രീ റിയാസ് പി വി |
| 21900311/20.06.2019 | 40000 | 24 | 72 | ശ്രീ സാബു കെ |
| 21900312/20.06.2019 | 40000 | 20 | 70 | ശ്രീ അജ്മൽ |
| 21900313/20.06.2019 | 40000 | 23 | 36 | ശ്രീ ഹാരിസ് വി ടി |
| 21900314/20.06.2019 | 40000 | 33 | 48 | ശ്രീ മരക്കാർ പി |
| 21900315/20.06.2019 | 40000 | 4 | 39 | ശ്രീ കോയ പി |
| 21900316/20.06.2019 | 40000 | 36 | 63 | ശ്രീ കോയ പി |
| 21900317/20.06.2019 | 40000 | 29 | 100 | ശ്രീ ദിലീപ് കെ |
| 21900318/20.06.2019 | 40000 | 14 | 36 | ശ്രീ ദിലീപ് കെ |
| 21900332/28.06.2019 | 40000 | 10 | 36 | ശ്രീ സിറാജുൽമുനീർ |
| 21900333/28.06.2019 | 40000 | 37 | 36 | ശ്രീ സിറാജുൽമുനീർ |
| 21900334/28.06.2019 | 40000 | 16 | 35 | ശ്രീ കെ കെ അഹമ്മദ് |
| 21900335/28.06.2019 | 40000 | 25 | 51 | ശ്രീ ഹാരിസ് വി ടി |
| 21900336/28.06.2019 | 40000 | 34 | 42 | ശ്രീ മരക്കാർ പി |
| 21900337/28.06.2019 | 40000 | 2 | 70 | ശ്രീ അബ്ദു റസാഖ് |
| 21900338/28.06.2019 | 40000 | 3 | 70 | ശ്രീ അബ്ദു റസാഖ് |
| 21900350/29.06.2019 | 40000 | 18 | 57 | ശ്രീ അഹമ്മദ് കബീർ |
| 21900351/29.06.2019 | 40000 | 19 | 69 | ശ്രീ ഹമീദ് |
| 21900396/09.07.2019 | 40000 | 21 | 112 | ശ്രീ ഹംസ സി കെ |
| 21900431/22.07.2019 | 40000 | 27 | 32 | ശ്രീ മുഹമ്മദ് ഹനീഫ |
| 21900432/22.07.2019 | 40000 | 17 | 30 | ശ്രീ ഹാരിസ് വി ടി |
| 21900452/26.07.2019 | 40000 | 26 | 38 | ശ്രീ സൈയ്തലവി |
| 21900453/26.07.2019 | 40000 | 11 | 62 | ശ്രീ അഹമ്മദ് കുട്ടി |
| 21900454/26.07.2019 | 40000 | 22 | 44 | ശ്രീ സാബു കെ |
| | 1600000 | 40 | | |

സ.ഉ.(സാധാ.)നം. 500/2019/ത.സ്വ.ഭ.വ. തീയതി 02-03-2019ൽ നിർദ്ദേശിച്ചിട്ടുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46 /2019-20 30.10.2021 ) മറുപടി ലഭ്യമാക്കിയില്ല.അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 1600000- രൂപ തടസ്സം ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് നിശ്ചിത സമയത്തിനകം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാത്ത സാഹചര്യത്തിൽ ചെലവ് നടന്നിട്ടില്ല എന്ന അനുമാനത്തിൽ നിരാകരണമായി ഉൾപ്പെടുത്തി തുടർ നടപടികൾക്ക് ശിപാർശ ചെയ്യുന്നതാണ്.

## 1-48 ഗ്രൗണ്ട് വാട്ടർ ഡെപ്പോസിറ്റ് - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

2019-20 വർഷത്തിൽ താഴെപറയുന്ന വൗച്ചറുകൾ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 219000915/28.11.2019 | 77000 | നീറ്റാണിമ്മൽ അംഗൻവാടിക്ക് കുഴൽകിണർ സ്ഥാപിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയ തുക |
| 21901390/17.01.2020 | 3870 | ഫീസിബിലിറ്റി ലഭ്യമാവുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയ തുക |
| 21901398/17.01.2020 | 3870 | ഫീസിബിലിറ്റി ലഭ്യമാവുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയ തുക |
| | 84740 | |

മേൽ പ്രവൃത്തികൾ പൂർത്തകരിച്ചതിന്റെ വിവരം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44 /*2019-20* / 30.10.2021)മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ വിവരം ലഭ്യമാവുന്നതു വരെ ചെലവു തുക 84740/- രൂപ തടസ്സം ചെയ്യുന്നു.

## 1-49 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2019-20 വർഷത്തിൽ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റ് തുകകൾ റീഫണ്ട് ചെയ്തതായി കണ്ടു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | ഇനം | നൽകിയ ആളുടെ പേര് |
|---|---|---|---|
| 21900125/16.05.2019 | 10000 | ഇ എം ഡി റീഫണ്ട് | അബ്ദുൽ ഷുക്കൂർ |
| 21900288/15.06.2019 | 50000 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | അബ്ദുൾ കരീം |
| 21900342/29.06.2019 | 500 | ഇ എം ഡി റീഫണ്ട് | നസീർ പി |
| 21900343/29.06.2019 | 9000 | റെന്റ് ഡെപ്പോസിറ്റ് | വീരാൻ കുട്ടി |
| 21900622/05.09.2019 | 9375 | ഇ എം ഡി റീഫണ്ട് | എ ആർ കിച്ചൺ |
| 21900701/25.09.2019 | 10000 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | മുബാറക് |
| 21900707/28.09.2019 | 11250 | ഇ എം ഡി റീഫണ്ട് | സന്തോഷ് പോളി പാക്ക്സ് |
| 21900827/01.11.2019 | 10000 | സെക്യൂരിറ്റി ഡെപ്പോസിറ്റ് | ബാലകൃഷ്ണൻ പി |
| 21901667/12.03.2020 | 50000 | Auction Deposit | അബ്ദുൾ അലി |

കക്ഷി ഹാജരാക്കുന്ന ഒറിജിനൽ റസീപ്റ്റിന്റെ അടിസ്ഥാനത്തിൽ തുക തിരികെ നൽകുന്നതായാണ് കാണുന്നത്. നഗരസഭയിൽ വിവിധ ഇനങ്ങളിലായി നാളിതുവരെയുള്ള ഡെപ്പോസിറ്റ് തുകകൾ എത്രയാണെന്നോ, കാലപരിധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ എത്രയാണെന്നോ ഉള്ളതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 35 /*2019-20* /28.10.2021)

## 1-50 പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ നഗരസഭ പത്രങ്ങളിൽ പരസ്യം നൽകിയപ്പോൾ ഇപ്രകാരം ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പത്രം | ബിൽ /വൗച്ചർ നം, തിയ്യതി | ബിൽതുക |
|---|---|---|---|
| 1 | വീക്ഷണം ദിനപത്രം | 21900024/04.04.2019 | 2184 |
| 2 | മലയാള മനോരമ | 21900344/29.06.2019 | 5964 |
| 3 | വീക്ഷണം | 21900345/29.06.2019 | 2184 |
| 4 | സുപ്രഭാതം | 21900346/29.06.2019 | 3780 |
| 5 | വീക്ഷണം | 21900463/27.07.2019 | 3276 |
| 6 | മാതൃഭൂമി | 21900917/28.11.2019 | 12096 |
| 7 | വീക്ഷണം | 21900918/28.11.2019 | 1638 |
| 8 | വീക്ഷണം | 21901561/26.02.2020 | 2730 |
| ആകെ | | | 33852 |

ഡിസ്കൗണ്ട് കൂടാതെ ബിൽ തുക പൂർണമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36 /*2019-20* / 28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഡിസ്കൗണ്ട് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-51 മാലിന്യ നിർമ്മാർജ്ജനം -മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ മുനിസിപ്പാലിറ്റികളിൽ മാലിന്യം കൈകാര്യം ചെയ്യുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വിശദമാക്കുന്നുണ്ട്. കൊണ്ടോട്ടി നഗരസഭയിൽ ജൈവ/അജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ ഒന്നും തന്നെ നിലവിൽ ഇല്ല. അജൈവ മാലിന്യ സംസ്കരണത്തിനായി ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചെങ്കിലും എം സി എഫ് സംവിധാനങ്ങൾ നഗരസഭയിൽ ഇല്ലാത്തതും പൊതുജനങ്ങളുടെ സഹകരണമില്ലായമയും കാരണം പ്രവർത്തനരഹിതമായി . നിലവിൽ 2021 ഒക്ടോബർ 1 നാണ് ഹരിത കർമ്മസേന പുനർ പ്രവർത്തനം ആരംഭിച്ചത്. ആയതു തന്നെ 6 വാർഡുകളിൽമാത്രമാണ് പ്രവർത്തനം നടത്തുന്നത്. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടത്തിന്റെ മുകൾ ഭാഗത്താണ് നിലവിൽ എം സി എഫ് സജ്ജീകരിച്ചിരിക്കുന്നത്. 2021-22 ൽ എം സി എഫ് സ്ഥാപിക്കുന്നതിനായി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 334 സി പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന ഫണ്ട് രൂപകരിച്ചിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 01 /2019-20 /18.10.2021 ) ഇത്തരത്തിലുള്ള ഒരു ഫണ്ട് നഗരസഭയിൽ രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതാണെന്നും മറുപടിനൽകി.

നഗരസഭയുടെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ളള്ള പ്രവർത്തനങ്ങൾ കൊണ്ടോട്ടി നഗരസഭയിൽ മന്ദഗതിയിലാണെന്നാണ് വ്യക്തമാവുന്നത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം 40 വാർഡുകളിലേക്കും വ്യാപിപ്പിക്കാനും പൊതുജനങ്ങളിൽ നിന്നുള്ള സഹകരണം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾക്ക് ഭരണ സമിതി അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്. ഉറവിട മാലിന്യ സംസ്കരണത്തിനായി പൊതുജനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടതും അതിനായുള്ള പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്താൻ ബോധവൽകരണം നടത്തേണ്ടതുമാണ്.

## 1-52 മിനി മാസ്റ്റ് ലൈറ്റ്സ്ഥാപിക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ നഗരസഭയിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന പ്രൊജക്ടുകൾ സെക്രട്ടറി നിർവ്വഹണം ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽതുക | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ/ചെക്ക്നമ്പർ /വൗച്ചർ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 123/20 മിനിമാസ്റ്റ് ലൈറ്റ്സ്ഥാപിക്കൽ (എസ് സി) | 600000 | വികസനഫണ്ട് (എസ് സി പി) | 297283 | 37/19-20/23.12.2019 | 2 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി Silk ന്റെ പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്. റിമാർക്സ് |
| 379/20 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 16,19 | 300000 | തനത് | 300000 | 21900706/26.09.2019 | |
| | | | 597283 | | |

2 പ്രവൃത്തികളും SILK നെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം പ്രൊജക്ടിലോ, SILK മായുണ്ടാക്കിയ കരാറിലോ, SILK ന്റെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രത്തിലോ നഗരസഭയിൽ എവിടെയാണ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുള്ളതെന്ന രേഖപ്പെടുത്തിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതായി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

3. ക്രമ നമ്പർ 2 പദ്ധതി പ്രകാരം (379/20 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 16,19) തനത് ഫണ്ടിൽ നിന്നും 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് വൗച്ചറുകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11 /2019-20/23.10.2021) ക്രമ നമ്പർ 1 അപാകതയിൽ പരാമർശിച്ച മിനിമാസ്റ്റ് ലൈറ്റുകൾ വാർഡ് 16,19 എന്നീ വാർഡുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മിനിമാസ്റ്റ് ലൈറ്റുകളുടെ കൃത്യമായ സ്ഥാനം കാണിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണവും തരവും കാണിക്കുന്ന ഒരു രജിസ്റ്റർ മുനിസിപ്പാലിറ്റിയിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി വാർഡിലെ കൗൺസിലർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് മറുപടിയിൽ പരാമർശിച്ചെങ്കിലും റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് , മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച സ്ഥലത്തിന്റെ വിവരം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 297283/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
ക്രമ നമ്പർ 2 പ്രോജക്ട് പ്രകാരമുള്ള മിനിമാസ്റ്റ് ലൈറ്റുകളും വാർഡ്നമ്പർ 16,19 എന്നിവയിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന മറുപടിയാണ് നൽകിയത്. വൗച്ചർ നമ്പർ 21900706/26.09.2019 പ്രകാരം 300000/- രൂപ മേൽ പ്രവൃത്തിക്കായി SILKന് കൈമാറിയിട്ടുണ്ട്. എന്നാൽ SILK മായി ചമച്ച കരാർ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് , മോണിറ്ററിംഗ് റിപ്പോർട്ട് , വാർഡുകളിൽ എവിടെയാണ് ലൈറ്റ് സ്ഥാപിച്ചതെന്ന വിവരം എന്നിവയൊന്നും ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രവർത്തിക്കായി ചെലവഴിച്ച തുക 300000/- രൂപ തടസ്സം ചെയ്യുന്നു.

ക്രമ നമ്പർ 1പ്രവർത്തിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, മേൽ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 597283/- രൂപ തടസ്സം ചെയ്യുന്നു.

## 1-53 സെക്രട്ടറിയുടെ ശമ്പളം -മുനിസിപ്പാലിറ്റി ആക്ടിലെ നിർദ്ദേശം പാലിച്ചില്ല.

1994ലെ കേരള മുനിസിപ്പലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. 2019-20 വർഷത്തിൽ സെക്രട്ടറി കൈപ്പറ്റിയ തുകകൾ തനത് ഫണ്ടിൽ

നിന്നും ക്രമീകരിച്ചതായി കാണുന്നില്ല. (ശമ്പളമിനത്തിൽ മാത്രം 398555/- രൂപ കൈപ്പറ്റിയിട്ടുണ്ട്) ആയത് ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 42 / *2019-20* / 30.10.2021)

## 1-54 ശുചിത്വമിഷൻ ഫണ്ട്- വിനിയോഗം ഉറപ്പ് വരുത്തുന്നില്ല

2019-20 വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 40 വാർഡ് കമ്മറ്റികൾക്ക് 15000/-(10000- ശുചിത്വ മിഷൻ+5000 -തനത്) രൂപ വീതം 600000/- രൂപ നൽകിയിരുന്നു. ഇതിന്റെ ചെലവു വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടതിന് 40 വാർഡുകളിൽ 26വാർഡുകളുടെ (വാർഡ് 1 മുതൽ 11 വരെയും ,32 മുതൽ 40 വരെയും , 26 മുതൽ 29 വരെയും ,12,13 എന്നീ വാർഡുകളും ) പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് , ചെലവു വൗച്ചറുകൾ എന്നിവ ലഭ്യമാക്കി. 14 വാർഡുകളുടെ (വാർഡ് 14മുതൽ 25 വരെയും 30,31 എന്നീ വാർഡുകളും) ചെലവ് വൗച്ചറുകൾ മാത്രമാണ് ലഭ്യമാക്കിയത്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മിക്കവാറും വാർഡുകളിൽ സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷമാണ് തുകകൾ ചെലവു ചെയ്തിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | ചെലവഴിച്ച തിയ്യതി | തുക |
|---|---|---|
| 5 | 16.07.2020 | 15000 |
| 32 | 31.10.2019 | 10000 |
| | 13.11.2020 | 4950 |
| 37 | 20.06.2020 | 15000 |
| 34 | 16.11.2020 | 10000 |
| | 16.11.2020 | 4950 |
| 39 | 24.06.2021 | 15000 |

2. ചില വാർഡുകളിൽ ക്യാഷ് ബുക്ക് പാസ്സ് ബുക്ക് എന്നിവ കാലികമാക്കിയിട്ടില്ല. ആയതുകൊണ്ട് തന്നെ ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. എന്നാൽ ടി വാർഡുകളിൽ ലഭ്യമായ തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഉദാ:- വാർഡ് 12,13,26,27,28,29.

3. വാർഡ് 35 ൽ 31.12.2019 വരെയാണ് ക്യാഷ് ബുക്ക് എഴുതിയിട്ടുള്ളത്. ആയതു പ്രകാരം മഴക്കാല പൂർവ്വ ശുചീകരമത്തിനായി നൽകിയ ശുചിത്വ മിഷൻ ഫണ്ടിനത്തിൽ 27500/-രൂപയും തനത് ഫണ്ടിനത്തിൽ 2111 /-രൂപയും നീക്കിബാക്കി ഉള്ളതായി കാണുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലും 10000/- രൂപ വീതം ശുചിത്വമിഷൻ ഫണ്ട് ലഭ്യമായിട്ടുണ്ട്. എന്നാൽ ബാങ്ക് പാസ്സ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ കാലികമാക്കിയിട്ടില്ല. ഈ തുകയൊന്നും തന്നെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല.

സ്പെസിഫിക് പർപ്പസിനായി ലഭിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും , ചെലവഴിക്കാത്തപക്ഷം തിരിച്ചടക്കേണ്ടതുമാണ്. ചെലവഴിക്കാത്ത തുക തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. വാർഡ് ശുചീകരണത്തിനായി ലഭ്യമാക്കിയ തുക നാളിതു വരെ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ബാങ്ക് പാസ്സ് ബുക്ക് , ക്യാഷ് ബുക്ക് എന്നിവ ലഭ്യമാക്കാത്ത 14 വാർഡുകളിൽ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. എല്ലാ വാർഡ്കമ്മറ്റികളിലേയും ബാങ്ക് പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 56 / *2019-20* /01.11.2021)

## 1-55 വീട് റിപ്പയറിംഗ് - വിവിധ പ്രൊജക്ടുകൾ -പൊതു അപാകതകൾ

2019-20 വർഷത്തിൽ വീട് റിപ്പയറിംഗിനായി താഴെ പറയുന്ന പ്രൊജക്ടുകൾ സെക്രട്ടറി നിർവ്വഹണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽതുക | ഫണ്ടിനം | IKMചെലവ് പത്രിക പ്രകാരം | വൗച്ചർനമ്പർ / ബിൽ നമ്പർ/തിയ്യതി |
|---|---|---|---|---|---|

| | | | | ചെലവ് തുക | |
|---|---|---|---|---|---|
| 1 | 33/20 വീട് റിപ്പയർ (വാർഡുകളിൽ) | 400000 | വികസന ഫണ്ട് (ജനറൽ) | - | |
| | | 5950000 | തനത് ഫണ്ട് | 3580000 | 21901556/26.02.20(1060000) |
| | | | | | 21901556/26.02.20 (900000/-) |
| | | | | | 21901655/10.03.20 (300000/-) |
| | | | | | 21901676/18.03.20 (1320000/-) |
| 2 | 41/20 വീട് റിപ്പയർ ജനറൽ | 100000 | വികസന ഫണ്ട് (ജനറൽ) | - | |
| | | 1500000 | തനത് ഫണ്ട് | 1040000 | 21901554/26.02.20 (360000/-) |
| | | | | | 21901556/26.02.20 (160000/-) |
| | | | | | 21901656/10.03.20 (80000/-) |
| | | | | | 21901734/28.03.20 (440000/-) |
| 3 | 120/20വീട് റിപ്പയർ (എസ് സി പി) | 1600000 | വികസന ഫണ്ട് (എസ് സി പി) | - | |
| 4 | 121/20 എസ് സി വീട് റിപ്പയർ (എസ് സി പി) വാർഡ് 2,16,24,29,30 | 2000000 | വികസന ഫണ്ട് (എസ് സി പി) | 25000 | 21901768/23.03.20 (25000/-) |
| 5 | 375/20 വീട് റിപ്പയർ | 100000 | തനത് | - | |
| 6 | 376/20 വീട് റിപ്പയർ ജനറൽ | 160000 | തനത് | 100000 | 21900578/30.08.19 (80000/-) |
| | | | | | 21900765/17.10.19 (20000/-) |
| 7 | 370/20വീട് വാസയോഗ്യമാക്കൽ സാക്ഷാത്കാരം പദ്ധതി | 280000 | വികസന ഫണ്ട് (എസ് സി പി) | 120000 | ബിൽ നമ്പർ 03/19-20 /03.06.2019 (40000/-) |
| | | | | | ബിൽ നമ്പർ 26/19-20 /18.10.2019 (40000/-) |
| 8 | 370/20വീട് വാസയോഗ്യമാക്കൽ സാക്ഷാത്കാരം പദ്ധതി | 100000 | തനത് | - | |
| | | | | 4865000 | |

(1)ഒരു പദ്ധതിക്കായി ഇത്രയധികം പ്രോജക്ടുകൾ രൂപീകരിക്കുന്നത് നിർവ്വഹണത്തിന്റെ ഗുണമേന്മയെ ബാധിക്കും. മേൽ പ്രോജക്ടുകളിൽ ക്രമ നമ്പർ 3,5,8 എന്നീ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് 19-20 സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകിയിട്ടില്ല. നിർവ്വഹണം ചെയ്ത 1,2,4,6,7 പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമാക്കിയതിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ,മോണിറ്ററിംഗ് റിപ്പോർട്ട്, വാല്യുവേഷൻ എന്നീ വിവരങ്ങൾ ഇല്ല. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് . അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവു തുക 4865000/- രൂപ തടസ്സം ചെയ്യുന്നു.

(2)പ്രോജക്ട് 121/20,120/20 എന്നീ പ്രോജക്ട് ഫോം പരിശോധിച്ചതിൽ ഭവന റിപ്പയറിംഗിന് നൽകാവുന്ന പരമാവധി തുക രണ്ടു പ്രോജക്ടിലും വ്യത്യസ്തമായി കണ്ടു. 120/20 പ്രകാരം ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി തുക 40,000/- രൂപയും 121/20 പ്രകാരം വാർഡ് 2,24,30,39 എന്നിവയിലെ ഗുണഭോക്താക്കൾക്ക് 25000/- രൂപയും വാർഡ് 16,29 എന്നിവയിലെ ഗുണഭോക്താക്കൾക്ക്30000/- രൂപയും ആയാണ് നിജപ്പെടുത്തിയിട്ടുള്ളത്.

(3)വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് ഉടമസ്ഥനാണെന്നും , ആയത് എൽഎസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിർണ്ണയിക്കേണ്ടതെന്നും പണി പൂർത്തീകരിച്ച് എൽ എസ് ജിഡി എഞ്ചിനീയർ പരിശോധിച്ച്, മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക എന്നും സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയ്യതി 14.02.2018 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 100000/- രൂപയാണെന്നിരിക്കെ ഇപ്രകാരം ഒരേ പ്രവർത്തിക്ക് നൽകേണ്ട പരമാവധി സബ്സിഡി തുകയിൽ വാർഡ് തലത്തിൽ വ്യത്യാസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12 /2019-20/21.10.2021) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ ഗുണഭോക്താക്കൾക്കും 20000/- രൂപ വീതമാണ് നൽകിയിട്ടുള്ളതെന്നും ഒരേ പദ്ധതിക്ക് വ്യത്യസ്ത സബ്സിഡി നൽകുന്ന അപാകത ഭാവിയിൽ ആവർത്തിക്കുന്നതല്ലെന്നും പരമാവധി ഗുണഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനായാണ് സബ്സിഡി തുക കുറവാക്കിയതെന്നും മറുപടിയിൽ വ്യക്തമാക്കി. സബ്സിഡി തുക കുറക്കുമ്പോൾ ആയത് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ ബാധിക്കുന്നതിന് കാരണമാവുന്നുണ്ട്. 100000/- രൂപ വരെ നൽകാമായിരുന്നിട്ടും പരമാവധി തുക 40000/- ൽ നിജപ്പെടുത്തുക വഴി പല ഗുണഭോക്താക്കൾക്കും പുനരുദ്ധാരണ പ്രവർത്തികൾ കാര്യക്ഷമമായി നടത്താൻ സാധിച്ചിട്ടുണ്ടവില്ല.

ഭവന പുനരുദ്ധാരണത്തിനായുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുമ്പോൾവിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. എല്ലാ വർഷങ്ങളിലും ഉടർന്ന വരുന്ന പദ്ധതി ആയതിനാൽ ഒരേ ഗുണഭോക്താക്കൾക്ക് വീണ്ടും ആനുകല്യം നൽകുന്നില്ല എന്നത് ഉറപ്പു വരുത്തുന്നതിന് ഇത് ആവശ്യമാണ്.

## 1-56 വിനിയോഗ വിവരം ലഭ്യമായില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

2019-2020ൽ സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂറായി തുക അടവാക്കിയിട്ടുണ്ട്. പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 4666393/- രൂപ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സം ചെയ്യുന്നു.

### 1-56-1 എസ് എസ് എ വിഹിതം നൽകൽ(ജനറൽ)

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 02/20എസ് എസ് എ വിഹിതം നൽകൽ(ജനറൽ) | 11/19-20 /11.08.2019<br>25,00,000/-<br>Plan- General | എസ് എസ് എ ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർക്ക് നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല |

### 1-56-2 ഐ കെ എം വിഹിതം നൽകൽ

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 03/20ഐ കെ എം വിഹിതം നൽകൽ | 27/19-20/ 28.10.2019<br>1,66,393/-<br>Plan- SCP | ഐ. കെ എം ന നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല |

### 1-56-3 വയോമിത്രം

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 04/20വയോമിത്രം | 05/19-20 /26.07.2019 1000000/- Plan- General | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല |

1-56-4 എസ് എസ് എ വിഹിതം (എസ് സി പി)

| ക്രമ നമ്പർ | പ്രോജക്റ്റ് | ബിൽ നമ്പർ/ തുക | നൽകിയ ഏജൻസി/ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | 06/20 എസ് എസ് എ വിഹിതം (എസ് സി പി) | 06/19-20 /26.07.2019 1000000/- Plan- SCP | എസ് എസ് എ ഡിസ്ട്രിക്റ്റ് പ്രൊജക്റ്റ് ഓഫീസർക്ക് നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല |

## ഭാഗം -2

### 2-1 വസ്തു നികുതി നിശ്ചയിച്ചതിൽ അപാകത- 705006/- രൂപ നഷ്ടം.

നഗരസഭ വസ്തു നികുതി നിരക്ക് നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്ത ഉത്തരവ് പ്രകാരം (01/11/2015-ലെ ഉത്തരവ്) നഗരസഭാ പ്രദേശത്ത് 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടല്, റസ്റ്റോറന്റുകള്, ഷോപ്പുകൾ, ഗോഡൌൺ എന്നിവക്ക് അടിസ്ഥാന വസ്തുനികുതിയായി ചതുരശ്ര മീറ്ററിന് 70/- രൂപയും, അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് എന്നിവക്ക് അടിസ്ഥാന വസ്തുനികുതിയായി ചതുരശ്ര മീറ്ററിന് 30/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

എന്നാൽ കൊണ്ടോട്ടി വില്ലേജിൽ, സർവ്വേ നമ്പർ BL-12, 286/1, 286/2-1 286/15 (വാർഡ് 4 ല്) ഉൾപ്പട്ട 75 സെന്റ് സ്ഥലത്ത്, യു തിലകൻ, MANAGING DIRECTOR , LEENA HOSPITALITY SERVICE,PVT LTD എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 4 നില കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം ഹോട്ടൽ കൈവശ ഗണത്തിലാണ് ഉൾപ്പെടുന്നത്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന് 100 ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവക്ക് ബാധകമായ നിരക്കിൽ [ചതുരശ്ര മീറ്ററിന് 70/- രൂപ] അടിസ്ഥാന വസ്തുനികുതി ചുമത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന് അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് എന്നിവക്ക് ബാധകമായ നിരക്കിലാണ് [ചതുരശ്ര മീറ്ററിന് 30/- രൂപ] വസ്തു നികുതി ചുമത്തിയിട്ടുള്ളത്.

2. വന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ, 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, പട്ടിക 6ക്രമ നമ്പർ 1 പ്രകാരമുള്ള 15% -ത്തിന്റെ വർദ്ധനവ് കൂടി ചുമത്തേണ്ടതാണ്. എന്നാൽ മേൽ വർദ്ധനവ് വരുത്താതെയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത്.

3. മേൽ അപാകതകൾ മൂലം വസ്തു നികുതി ചുമത്തിയതിൽ ചുവടെ ചേർക്കും പ്രകാരം പ്രതിവർഷം 190094/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

| അനുവദിച്ച കെട്ടിട നമ്പറുകൾ | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി (@ അടിസ്ഥാന വസ്തുനികുതി 30+20%) | ഈടാക്കേണ്ട വസ്തുനികുതി ((@ അടിസ്ഥാന വസ്തുനികുതി 70+ വഴി സൌകര്യം 20% വർദ്ധനവ്+ തറ നിർമ്മിതി 15%വർദ്ധനവ് )- ഓരോ നിയിലുമുള്ള ഇളവ്)* | കുറവ് | കുറിപ്പ് (ഒപ്പുവെച്ച തിയതി) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 213A,( സെല്ലാർ) | 110.17 | 3967 | 10411 | 6444 | |
| 213A1 ( സെല്ലാർ) | 211.08 | 7599 | 19948 | 12349 | |
| 213A2( താഴത്തെ നില) | 744.33 | 30146 | 70339 | 40193 | |
| 213A3 (ഒന്നാം നില) | 372.165 | 15073 | 33412 | 18339 | |
| 213A4 (ഒന്നാം നില) | 372.165 | 15073 | 33412 | 18339 | |
| 213A5 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A6 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A7 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A8 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | 20-09-2019 (നികുതി പ്രാബല്യം- 2018 First Half മുതൽ) |
| 213A9 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A10 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A11 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A12 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A13 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A14 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A15 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A16 (രണ്ടാം നില) | 66.39 | 2391 | 5646 | 3255 | |
| 213A17 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A18 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A19 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | 17-10-2020 (നികുതി പ്രാബല്യം- 2019 First Half മുതൽ) |
| 213A20 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 | |
| 213A21 (മൂന്നാം | 46.074 | 1659 | 3701 | 2042 | |

| | | | | |
|---|---|---|---|---|
| നില) | | | | |
| 213A22 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A23 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A24 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A25 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A26 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A27 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A28 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A29 (മൂന്നാം നില) | 46.074 | 1659 | 3701 | 2042 |
| 213A30 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A31 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A32 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A33 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A34 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A35 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A36 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A37 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A38 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A39 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A40 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| 213A41 (നാലാം നില) | 60.638 | 2183 | 4585 | 2402 |
| | 3933.208 | 148313 | 338407 | 190094 |

(* വാർഷിക വസ്തുനികുതിയിൽ ചട്ടപ്രകാരം ഒന്നാം നിലക്ക് 5% , രണ്ടാം നിലക്ക് 10%, മൂന്നാം നിലക്ക് 15% , നാലാം നിലക്ക് 20% എന്ന തോതിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.)

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 57/19-20 തിയതി 01-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പരാമർശിച്ച കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം 190094/- രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 9505/-രൂപയും നഷ്ടം വന്നിട്ടുണ്ട്.
നികുതി ചുമത്തിയതിലെ അപാകത മൂലം നാളിതുവരെ (2021-22 വരെ) നഗരസഭക്ക് 705006/- രൂപ നഷ്ടം വന്നിട്ടുണ്ട്.
( 2018-19 213 A മുതൽ 213 A16 വരെ 134724 രൂപ + 2019-20, 2020-21 & 2021-22 വർഷങ്ങളിൽ 213 A മുതൽ 213 A41 വരെ 190094* 3 = 705006 രൂപ). വസ്തു നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റിൽ മാറ്റം വരുത്തിയതിന്റെയും നഷ്ടതുക ഈടാക്കിയതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-2 അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ വ്യത്യാസം-18993 രൂപ നഷ്ടം.

വാണിജ്യാവശ്യത്തിനുള്ള100 ച മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവക്ക് 40 രൂപയും 100 ച മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ എന്നിവക്ക് 70 രൂപയും ആണ് നഗരസഭയിൽ അടിസ്ഥാന വസ്തുനികുതിയായി ഈടാക്കി വരുന്നത്. വാണിജ്യാവശ്യത്തിനുള്ള 100 ച മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച മീ താഴെയുള്ള പല മുറികളായി തിരിച്ച് വ്യത്യസ്ത കെട്ടിട നമ്പർ നൽകിയാലും 70 രൂപയാണ് അടിസ്ഥാന വസ്തുനികുതി ഈടാക്കുന്നത്.
പി എൻ അബൂബക്കർ എന്ന വ്യക്തിയുടെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിനു വസ്തു നികുതി കണക്കാക്കിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വിസ്തീർണ്ണം | 167.68 ച മീറ്റർ( 20.96* 4 & 83.84*1) |
| അനുവദിച്ച കെട്ടിട നമ്പർ | 75 A, 75 A1, 75 A2, 75 A3, 75 A4 |
| ഉപയോഗക്രമം | വാണിജ്യാവശ്യം(ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ ) |
| ഈടാക്കിയ വസ്തുനികുതി @40 രൂപ | 8549 |
| ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി @70 രൂപ+ വഴി സൌകര്യം 20% വർദ്ധനവ്+LC | 14790(14086+ 704,LC) (19-20 First Half മുതൽ പ്രാബല്യം) |
| കുറവ് | 6331 |

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ഇനത്തിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ പ്രതിവർഷം 6331/- നഷ്ടം വന്നിട്ടുണ്ട്.
നികുതി ചുമത്തിയതിലെ അപാകത മൂലം നാളിതുവരെ (2019-20 മുതൽ 2021-22 വരെ) നഗരസഭക്ക് 18993 രൂപ നഷ്ടം വന്നിട്ടുണ്ട്.
വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32/19-20 തിയതി ) അറിവില്ലായ്മ മൂലമാണ് 40 രൂപ കണക്കാക്കിയതെന്നും 70 രൂപ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തി പുതുക്കിയ വസ്തുനികുതി ഈടാക്കുന്നതിനായി കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-3 കെട്ടിടത്തിന്റെ മുഴുവൻ ഏരിയക്കും വസ്തുനികുതി ഈടാക്കിയില്ല.

2011 ലെ കേരളാ മുൻസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3( 4 ) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെയോ ഒരാളുടെ തന്നെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ ആ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് എന്നും കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോടു കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

എന്നാൽ കൊണ്ടോട്ടി വില്ലേജിലെ കെ കെ സൈതലവി എന്ന വ്യക്തിയുടെ കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | E1. 476/17-18 |
| ബ്ലോക്ക് & സർവ്വെ നമ്പർ | 36, 33/15-2 |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | 261.97 ച മീറ്റർ |
| വസ്തു നികുതി കണക്കാക്കിയ വിസ്തീർണ്ണം | 202.54 ച മീറ്റര് |
| അനുവദിച്ച കെട്ടിട നമ്പർ | 261 A, 261 A1 മുതൽ 261A 11 വരെ |
| കണക്കാക്കിയ വസ്തു നികുതി | 16390 (2019-20 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം) |
| യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി(@70+വഴി സൌകര്യം 20%വർദ്ധനവ്-മേഖലാടിസ്ഥാനത്തിൽ 10%ഇളവ്+LC | 21 181 രൂപ (കുറവ്-4791) |

മേൽ കെട്ടിടത്തിന് പ്രതിവർഷം 4791 രൂപ നിരക്കിൽ നാളിതുവരെ 11978 രൂപ നഷ്ടം വന്നിട്ടുണ്ട്.
(2019-20 രണ്ടാം അർദ്ധവർഷം 2396+20-21,21-22 ൽ 9582) അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്( നം 40/19-20 തിയതി30-10-21) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ നഷ്ട തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 16-10-2021 മുതൽ 01-11-2021 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ /ബിൽ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | 292/20 കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 5 | 18/19-20/07-09-19 (736304) 5656979/14-10-19 (183696) 21901585-6.3.20 (40000) | 1859773 | 0 | പൂർത്തീകരിച്ചിട്ടില്ല | 1859773 |

| | | | | | | |
|---|---|---|---|---|---|---|
| KWA | ചേപ്പിലക്കുന്ന് മുണ്ടപ്പലംഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | JN1816342/27-3-20 (474773) | | | | |
| KWA | കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 10402/25-1-20 425000 | | | | |
| KWA | കൊണ്ടോംകുന്ന്-293/20 വട്ടപറമ്പ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 011496/13.3.20 | 100000 | 0 | പൂർത്തീകരിച്ചിട്ടില്ല | 100000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | 21900287/15.6.19 (29979)<br>21901356/6.1.20 (303798)<br>21901517/14.2.20 (29979) | 368136 | 0 | പൂർത്തീകരിച്ചിട്ടില്ല | 368136 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആയിരം വീട് പദ്ധതി | ലഭ്യമല്ല | 5100000 | 5100000 | 1020000 | 0 | 4080000 |
| ഹഡ്കോ | ലഭ്യമല്ല | 100600000 | 100600000 | 7720000 | 0 | 92880000 |

കുറിപ്പ് - ഹഡ്കോ ഇനത്തിൽ തൻവർഷം തിരിച്ചടച്ച തുക എ എഫ് എസ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 387447 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 387447 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 387447 |

ഈ ഇനത്തിൽ ലഭ്യമായ പലിശ വരവ് ആക്കി എടുത്തിട്ടില്ല.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | 2019-20 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്<br>(അക്കൗണ്ട് നമ്പർ . 0020140012050എഫ്. ഡി Rt. നമ്പർ.002257) | 387447 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തിയതി |
|---|---|---|---|---|
| 2018-19 | ലഭ്യമായിട്ടില്ല | 5000 | വിജയകുമാർ കെ | 119020104519 Dtd19.08.19 |
| 2013-14&14-15 | 3-3 | 30000 | സുജാത കെ പി, റിട്ട അസി. സെക്രട്ടറി, കൊണ്ടോട്ടി | 119020111207 Dtd 29.01.20 |
| 2017-18 | 3-4 | 11893 | എ ഇ, എൽ എസ് ജിഡി കൊണ്ടോട്ടി | 21900752 Dtd 10.10.19 |
| | | 46893 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കൊണ്ടോട്ടി നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

A.കൊണ്ടോട്ടിഗ്രാമപഞ്ചായത്ത്

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99<br>1999-00 | 48,49,53(എ) | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ<br>നഗരശുചീകരണം അധിക തുക നൽകിയത് 31168 രൂപ<br>കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ | നടപടി തുടർന്നു വരുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ | |
| | | | | | കേരളോത്സവം അധിക ചെലവ് 5151 രൂപ | |
| | | | | | പദ്ധതി നിർവ്വഹണ ചെലവ്- തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ | |
| | | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ | |
| | | | | | കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ | |
| | | | | | ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല | |
| | | | | | രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ | |
| | | | | | സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ | |
| | | | | | ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല | |
| | | | | | ചോലക്കൽ ചേപ്പിലക്കുന്ന് റോഡ് പണി 59807 രൂപ | |
| | | | | | അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | |
| | 1999-00 | 53, 59 | 2003-04 | - | റോഡ് വർക്ക് 59807 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | | കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് | |

| | | | | | |
|---|---|---|---|---|---|
| | | | | 38500 രൂപ | |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ<br>ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്റ്റ് 43660 രൂപ | നടപടി തുടർന്നു വരുന്നു |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | |
| 2009-10, 2010-11 | 3-16 | 2012-13 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2014-15 | 2-4 | 2016-17 | | | |

B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2000-01 | 6<br>7 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | " |
| 2014-15 | 2-3, 2-1 | 2016-17 | | 2-3 വസ്തു നികുതി അപാകത (2014-15)<br>2-1 തൊഴിൽ നികുതി അപാകത (2014-15) | " |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| | | | | നമ്പർ, തിയതി | | |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | പി.കെ കാർത്തികേയൻ | LF11520/spl.cell /sc5/04 /6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | കെ.ചോയിക്കുട്ടി | LF682/spl.cell /sc5/10 /14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 302312231.82 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 251688784 |
| വരവിനങ്ങളിലുള്ള നഷ്ടം | 735977 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,429,073 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 705006 | | ശ്രീ.ഫിറോസ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |
| 2-2 | 18993 | | ശ്രീ.ഫിറോസ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |
| 2-3 | 11978 | | ശ്രീ.ഫിറോസ് ഖാൻ, മുനിസിപ്പൽ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 25250 | ശ്രീമതി ദീപ, പ്രിൻസിപ്പാൾ |
| 1-38 | 920000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 1039773 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-39 | 146010 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 48500 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-40 | 29974 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 338162 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-46 | 67988 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-47 | 1600000 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-48 | 77000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 7740 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-52 | 300000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 297283 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-55 | 220000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 4645000 | ശ്രീ. പി ടി ബാബു ,സെക്രട്ടറി ഇൻ ചാർജ് |
| 1-56-1 | 2500000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-56-2 | 166393 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-56-3 | 1000000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-56-4 | 1000000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 14429073 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക) മേൽ വിലാസം | സ്ഥിര മേൽ വിലാസം |
|---|---|---|
| ശ്രീ.ഫിറോസ് ഖാൻ, | മുനിസിപ്പൽ സെക്രട്ടറി | റോസ് ഹൗസ്, ചന്ദനത്തോപ്പ് പി.ഒ., കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

1) നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 | |
| 1998- 99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 7 | |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി:24.08.15 | 11 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 | 8 | |

| | | | |
|---|---|---|---|
| | തി:21.06.2017 | | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 7 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 | |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 | |

3)കൊണ്ടോട്ടി നഗരസഭ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 | |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 | |
| 2017-18 | കെ.എസ്.എ.എം.പി.എം.25/2804/18 തി:18.01.2019 | 37 | |
| 2018-19 | കെ.എസ്.എ.എം.പി.എം.25/1499/20 തി:21.12.2020 | 20 | |

എം.എ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്